Registered No. M-4485 Madras War Review, Malayalam—17-11-1944

UNIVERSITY LIBRARY 10 FEB 1946 MADRAS

# യുദ്ധസഞ്ചിക

വാള്യം IV] മദിരാശി: 1944 നവെമ്പർ 17-ാംനു, വെള്ളിയാഴ്ച [ലക്കം 11



## ഞങ്ങൾ ഞങ്ങളുടെ ജോലി ചെയ്തുതീർക്കും

**ഞങ്ങളെ** എന്തിന്നായി നിയോഗിക്കപ്പെട്ടിരിക്കുന്നുവോ, ആ കൃത്യം ഇന്നും വ്യത്യാസപ്പെട്ടിട്ടില്ല. ഞങ്ങൾക്ക് ആ ജോലി ചെയ്തുതീർക്കേണ്ടതുണ്ട്. അതു സാധിക്കുന്നതിന്നായി ഞങ്ങൾ തീവ്ര പരിശ്രമം ചെയ്യും.

**ഞങ്ങൾക്കുള്ള** ജോലി എന്താണെന്നോ? ബർമ്മ റോഡ് തുറന്ന്, ആകാശമാർഗ്ഗമായി ലഭിക്കാൻ കഴിയാത്ത വമ്പിച്ച ആയുധസാമഗ്രികൾ 14-ാം പടയ്ക്ക് എത്തിച്ചുകൊടുക്കുക; ചൈനീസ് പട്ടാളത്തിന്നു പീരങ്കികൾ കിട്ടുന്ന കൃത്യം എളുപ്പമാക്കുക,—അങ്ങിനെ, ജനറൽ മക് ആർതർ, അഡ്മിറൽ നിമിററ്സ് ഇവരോടൊപ്പം ചേർന്നുനിന്നു പൊരുതി ജാപ്പ ഭരണത്തെ എന്നെന്നേക്കുമായി അവസാനിപ്പിക്കുക.

—ലഫ്ററണൻറ് ജനറൽ ഡി. ഐ. സുൽത്താൻ, ഇന്ത്യാ-ബർമ്മാ യുദ്ധരംഗത്തിലെ കമാൻറിങ്ങ് ആഫീസർ 1944 നവെമ്പർ 7-ാംനു ചെയ്ത ഒരു പ്രക്ഷേപണപ്രസംഗത്തിൽ

## വിഷയവിവരം


| | ഭാഗം | | ഭാഗം |
|---|---|---|---|
| ഞങ്ങളുടെ ജോലി ചെയ്തുതീക്കും .. .. | 1 | ബർമ്മ യുദ്ധരംഗത്തിൽ .. .. .. | 7 |
| യുദ്ധരംഗങ്ങളിൽനിന്ന് .. .. .. | 2 | ധീരവനിത .. .. .. .. | 8 |
| ജർമ്മനിയിലെ സ്ഥിതി .. .. .. | 3, 6 | വന്ദനം വ്യോമസഞ്ചാരീ .. .. .. | 9 |
| ആഴ്ചക്കുറിപ്പുകൾ .. .. .. | 4, 5, 9 | സ്മരകവി .. .. .. .. | 10, 11 |
| തടവുകാരൻ .. .. .. .. | 6 | അന്ത്യവാക്ക് .. .. .. | 12 |


# യുദ്ധരംഗങ്ങളിൽനിന്ന്

### ജാപ്പാന്നെതിരായ വമ്പിച്ച ഒരു യുദ്ധരംഗം

“ജാപ്പാന്നെതിരായി പസഫിക്കിലുള്ള മറേറതു സേനകളേക്കാളും വലുതായ ഒരു യുദ്ധമുന്നണിയാണ് ബ്രിട്ടീഷുകാരും ഇന്ത്യക്കാരുമായ സേനകൾ നിർമ്മിച്ചിരിക്കുന്നതു്.”

—ഏർ ചീഫ് മാർഷൽ സർ ഫിലിപ്പ് ജൂബർട്ട്, 1944 നവെമ്പർ 7-ാംനു, ലണ്ടനിൽവെച്ച്

### മിത്രഭാവംമൂലം ഇന്ത്യക്കുണ്ടാവുന്ന ഗുണങ്ങൾ

യുദ്ധത്തിൽനിന്നാവിർഭവിക്കുന്ന ചങ്ങാതിമട്ടും, അതിൻെറ സാദ്ധ്യതകളേയും പററി എനിയ്ക്കു നല്ല ബോദ്ധ്യം വന്നിട്ടുണ്ട്. പുഴകൾ കടക്കുന്നതിലുള്ള വിഷമങ്ങളും പ്രതിബന്ധങ്ങളും, മഞ്ഞുകാലത്തെ ബുദ്ധിമുട്ടുകൾ, കടുത്ത സമരങ്ങളിൽ ചൊരിഞ്ഞുവരുന്ന രക്തവും, വിയപ്പും—ഇവയെല്ലാം ഭടന്മാർ തമ്മിൽ അന്യോന്യം പ്രീതിയും അടുപ്പവും ഉണ്ടാക്കുന്നു. ഇതുമൂലം ഞങ്ങൾ, കൂടുതൽ നല്ലവരും, നല്ല ഭടന്മാരും, പൌരന്മാരുമായിത്തീരുന്നു. മറുനാടുകളിലുള്ള സേനാവിഭാഗങ്ങൾമൂലം ഇന്ത്യ, മററുരാജ്യങ്ങളിലെ ജനങ്ങൾക്കു ഇന്ത്യൻഭടന്മാരുമായുള്ള സമ്പർക്കംമൂലം അറിയപ്പെട്ടിരിക്കുന്നു. യുദ്ധത്തിലുണ്ടാവുന്ന അന്യോന്യശ്ലാഘയും പരസ്പരാശ്രയവും, യുദ്ധാനന്തര പുനർന്നിർമ്മാണത്തിന്ന് അത്യന്താപേക്ഷിതമായ ലോകവ്യാപകവിശ്വാസവും ആദരവും വളർത്തുന്നതായിരിക്കുമെന്ന് എനിക്കു തോന്നുന്നു.

—മേജർ ജനറൽ ഡസ്ലി റസൽ, ഇററലിയിലെ 8-ാം ഇന്ത്യൻ വിഭാഗത്തിലെ കമാണ്ടർ, 1944 നവെമ്പർ 8-ാംനു.

### ഭാവി ശോഭനമായിരിക്കും

“ശത്രുവിൻെറ പരിപൂർണ്ണപരാജയമാകുന്ന നമ്മുടെ പൊതുലക്ഷ്യപ്രാപ്തിയ്ക്കുവേണ്ടി ഇനിയും വളരെ ചെയ്യുവാനുണ്ട്. ഞങ്ങളാൽ കഴിയുന്നതെല്ലാംതന്നെ നിങ്ങളെ സഹായിക്കുന്നതിന്നു ചെയ്യുമെന്നു നിങ്ങൾക്ക് ഉറപ്പിച്ചിരിക്കാം. അവസാനവിജയം തീർച്ചയാണ്. ഭാവി ശോഭനമായതു മാത്രമാണുതാനും.”

—ജനറൽ ഐസൻഹോവർ, 1944 നവെമ്പർ 9-ാംനു, ബൽജിയൻ പാർലിമെണ്ടിൽചെയ്ത പ്രസംഗത്തിൽനിന്ന്.

### സർവ്വരംഗങ്ങളിലും സഖ്യസേനകൾക്കു വിജയം

“വിജയം നിശ്ചയമാണ്. പടിഞ്ഞാററൻ യുദ്ധരംഗത്തിലും, കിഴക്കൻ രംഗത്തിലും, പാസഫിക്ക്‌രംഗത്തിലും ഉണ്ടായ സഖ്യസേനകളുടെ വിജയങ്ങളിൽ ഞങ്ങൾ അനുമോദിക്കുന്നു. ഈ ലോകവ്യാപകമായ യുദ്ധത്തിലെ ഓരോ ഭാഗങ്ങളാണ് അവ.”

—ജനറൽ സർ ഹെൻറി മെയിററ്ലാൻറ് വിൽസൺ, മെഡിററേനിയനിലെ സുപ്രീം കമാണ്ടർ, 1944 നവെമ്പർ 8-ാംനു,
വടക്കൻ ആഫ്രിക്കയിൽ സഖ്യസേനകൾ ഇറങ്ങിയതിൻെറ രണ്ടാം വാർഷികാഘോഷത്തിൽ ചെയ്ത പ്രസ്താവന.

### ആയുധങ്ങൾകൊണ്ടുള്ള വമ്പിച്ച ഒരൽഭുതപ്രകടനം

ജനറൽ അലക്സാണ്ടരുടെ കീഴിലുണ്ടായ ഏററവും വലിയ രണ്ടു സമരം (ഒന്നു നീതർലാണ്ടിലെയാണ്), അപ്പനൈൻ, ഗോതിക്ക്നിര ഇവിടങ്ങളിലെ പ്രതിബന്ധങ്ങളും ഭേദിച്ചു ഞങ്ങളെ പോ താഴ്‌വാരയിലേക്കു നയിച്ചിരിക്കുന്നു. ഏററവും ശക്തിമത്തായി നിർമ്മിച്ചതും ഞങ്ങളോളംതന്നെ സമവലിപ്പമുള്ളതുമായ ഒരു ശത്രുനിരയേയാണ് ഞങ്ങൾ പൊരുതുന്നതു്. ഇതു ആയുധങ്ങളാൽ കാണിച്ച ഒരത്ഭുതകൃത്യമാണ്.”

—മി. ചർച്ചിൽ 1944 നവെമ്പർ 9-ാംനു, മാൻഷൻ ഹൌസിൽ ചെയ്ത പ്രസംഗത്തിൽ.

### അനുഭവം ജപ്പാൻ അക്രമിയാണെന്നു തെളിയിക്കുന്നു

പേൾ ഹാർബറിലെ സംഭവം, പാസഫിക്കിൽപെട്ട മററുദ്വീപുകളും ഫിലിപ്പൈൻ ദ്വീപുകളും നഷ്ടപ്പെടൽ, ഹോങ്ങ് കോങ്ങ്, സിങ്കപ്പൂർ ഇവ നഷ്ടപ്പെട്ടതു്,—ഈ അനിഷ്ടകരമായ വസ്തുതകൾ വെറുതെ ഒരേ അടിയായി സംഭവിച്ചതായി ഗണിച്ചുകൂടാ. ഒരക്രമിരാഷ്ട്രമെന്ന നിലക്ക് ജപ്പാൻ, സമാധാനനയം പരിപാലിച്ചുപോന്നിരുന്ന യുണൈററഡ് സ്റ്റേററ്സിനേക്കാളും ബ്രിട്ടനെക്കാളും അധികം യുദ്ധസന്നദ്ധമായിരുന്നു.

—മാർഷൽ സ്റ്റാലിൻ, 1944 നവെമ്പർ.

### “പാവപ്പെട്ട” ജപ്പാനെ അത്ഭുതപ്പെടുത്തി

ജപ്പാൻ ഒരു “അക്രമിരാഷ്ട്ര”മാണെന്നു മാർഷൽ സ്റ്റാലിൻ അഭിപ്രായപ്പെട്ടതു് ജപ്പാനിലെ ജനങ്ങളെ “അൽഭുതപ്പെടുത്തുകയും, ക്ലേശിപ്പിക്കുക”യും ചെയ്തിരിക്കുന്നുവെന്നു ജപ്പാനീസ് വാർത്താകേന്ദ്രം പ്രസ്താവിക്കുന്നു.

—ജപ്പാനിൽനിന്നുള്ള പ്രക്ഷേപണം, 1944 നവെമ്പർ 9-ാംനു.

# യുദ്ധസഞ്ചിക

## പ്രതിവാരപത്രം

മദിരാശി: 1944 നവെമ്പർ 17-ാംനു, വെള്ളിയാഴ്ച


## ജർമ്മനിയിലെ സ്ഥിതി

ജർമ്മനിയെ തികച്ചും പരാജയപ്പെടുത്തുന്നതുവരെ യുദ്ധം ചെയ്യും തീരു എന്നുള്ള ദൃഢനിശ്ചയം, സഖ്യപക്ഷത്തിലെ എല്ലാ നേതാക്കന്മാരും ഊന്നിപ്പറഞ്ഞിട്ടുണ്ട്. അത്രമേൽ അസന്നിഗ്ദ്ധവും, അത്രമേൽ വ്യക്തവുമായ ഭാഷയിലാണ് അവരുടെ പ്രസ്താവനകൾ.

ജർമ്മനിയാകട്ടെ, സ്വന്തജനങ്ങളെ മുഴുവൻ സംഹരിക്കുന്നതിന്നാണ് കോപ്പുകൂട്ടുന്നത്. മൃഗീയകൃത്യങ്ങൾ ചെയ്യുന്ന നിഷ്ഠുരസംഘമായ ഗസ്റ്റാപ്പോവിന്റെ കാൽച്ചോട്ടിൽക്കിടന്നു എത്രമാത്രമാണ് ജനങ്ങൾ ഞെങ്ങിഞെരുങ്ങിയിട്ടുള്ളത് എന്നതിന്നു യാതൊരു കയ്യുംകണക്കുമില്ല. ഇപ്പോൾ കൂടുതൽ നീചവും കൂടുതൽ നികൃഷ്ടവുമായ രീതിയിൽ അവരുടെ ദുഷ്കൃത്യങ്ങൾ ആരംഭിച്ചുകഴിഞ്ഞിരിക്കുന്നു. കഴിഞ്ഞ 11 കൊല്ലത്തോളമായി അവർ നടത്തിവന്ന കാട്ടാളപരവും ശാസ്ത്രീയാഭാസപരവുമായ പ്രചരണംമൂലം നാസിതത്വങ്ങൾ, ജർമ്മൻ ജനതയുടെ സാമൂഹ്യജീവിതത്തിന്റെ വിവിധ തുറകളിലും, കുത്തിച്ചെലുത്തിയിട്ടുണ്ട്. ജർമ്മനിയിലെ ജനങ്ങൾ മുഴുവനുംതന്നെ, നാസിതത്വങ്ങൾ അനുകൂലിക്കണമെന്നതായിരുന്നു ഹിററ്ലരുടെ നയം. പ്രതിഭാശാലികൾ, കവികൾ, സമാധാനകാംക്ഷികൾ, മനുഷ്യസ്നേഹികൾ തുടങ്ങിയവരെ പലരേയും നാടു കടത്തുകയും, വധിക്കുകയും ചെയ്തു. 1939 നു മുമ്പ് 6 കൊല്ലത്തോളം നാസികൾ "ഹിററ്ലർ യുവാക്കൾ" എന്ന സംഘടനയിലൂടെ ഇങ്ങിനെ ഒരു "ഉയന്ന ജാതിക്കാരെ" സൃഷ്ടിക്കുന്നതിന്നു പരിശ്രമിച്ചുവന്നു. "കയ്യൂക്കിലൂടെ ആനന്ദം" എന്ന പ്രസ്ഥാനത്തിലൂടേയും, അക്രമപരമായ ദേശീയമനോഭാവത്തെ വീശിപ്പരത്തിയും, മദ്ധ്യകാലത്തെ ഐതിഹ്യങ്ങളെ പാടിപ്പുകഴ്ത്തി പ്രചരിപ്പിച്ചും ജർമ്മൻകാർ ഒരു ദൈവീകശക്തി നേടിയവരാണെന്നു നാസികൾ പറഞ്ഞുപരത്തി; വളരെയധികം ജനങ്ങൾ അതു വിശ്വസിച്ചുവരികയും ചെയ്യുന്നു. പരിഷ്കൃതവും, ഉദാരവും, സൌമ്യവുമായ സർവ്വതും നശിപ്പിക്കപ്പെട്ടു.

### ജർമ്മൻകാരുടെ മനസ്സ് കളങ്കപ്പെടുത്തി

ഇന്നു ജർമ്മൻ ജനങ്ങൾ ഇത്രയധികം നാസികളുടെ പിന്നിൽ ഉറച്ചു നിൽക്കുന്നുണ്ടെങ്കിൽ, അതിന്നു കാരണമെന്താണ്? ഇതു് മന:ശാസ്ത്രപരമായ ഒരവസ്ഥയാണ്. അവരുടെ ഹൃദയം, ഈവക അപരിഷ്കൃതവും, അന്ധവുമായ നാസിവേദങ്ങളാൽ കളങ്കപ്പെടുത്തപ്പെട്ടിരിക്കുന്നു. സൈനികപരമായി ഇന്നത്തെ ജർമ്മനിയുടെ നില 1918 ലേക്കാൾ മോശമാണ്. എന്നിട്ടും ഇന്ന് ജർമ്മൻകാരിൽ അവശേഷിച്ചുള്ള ശൂരതയും, ക്രൂരതയും കുറച്ചൊന്നുമല്ല; സാധാരണ മനുഷ്യരിൽ, ഈ പരിത:സ്ഥിതിയിലും, ഇങ്ങിനെയുള്ള വികാരങ്ങൾ കാണപ്പെടുകയില്ലതന്നെ. മന:ശാസ്ത്രപരമായി കുറച്ചുകൂടി വിശദീകരിച്ചു നോക്കിയാൽ, പരാജയത്തെ സംബന്ധിച്ചുള്ള ജർമ്മൻകാരുടെ പരിഭ്രാന്തിപിടിച്ച വീക്ഷണം, അവർ താഴ്ന്നവരാണെന്നു അവർക്കുതന്നെയുള്ള ബോധത്തിന്റെ വ്യക്തമായ സൂചനകളാണെന്നു കാണാം. അതിനാൽ, ഇവർക്കു കടുത്ത പരാജയത്തിലൂടെ യുക്തിയുടെ അർത്ഥം പഠിപ്പിച്ചുകൊടുക്കേണ്ടിയിരിക്കുന്നു. അതിന്നാവട്ടെ, കൂടുതൽ ഊർജ്ജസ്വലതയോടും, ഉത്സാഹത്തോടുംകൂടി യുദ്ധം തുടരുകയും വേണം.

ജർമ്മനി ഇഷ്ടപ്പെടുന്ന വിധത്തിലുള്ള സന്ധിമുറകൾ നൽകാവുന്നതാണ്. എന്നാൽ "സമാധാനം" ഉണ്ടാകും. പക്ഷെ, രക്തവും, കണ്ണീരും ഉതിർത്തു വിയർത്തദ്ധ്വാനിച്ചു എന്തിനായി ഇതേവരേയും പൊരുതിയോ, ആ ഉദ്ദേശം, സഫലമാവുകയില്ലതന്നെ. ജർമ്മനി പാഠം പഠിച്ചുകഴിഞ്ഞിട്ടില്ല. ബർലിനിൽ വിജയിതരായ സഖ്യസേനകൾ എത്തുകയും, ജർമ്മനിക്കുമേൽ ഒരു ദുസ്സ്വപ്നംപോലെ തൂങ്ങിക്കിടക്കുന്ന നാസിവർഗ്ഗത്തെ നശിപ്പിക്കുകയും ചെയ്യുമ്പോൾകൂടെ, സമാധാനത്തോടെ ഒതുങ്ങിക്കഴിയുന്നതിന്നു ജർമ്മനി പഠിക്കുമെന്നു ഉദ്ദേശിച്ചുകൂടാ. ഹിററ്ലരുടെ ഭരണയന്ത്രം ജർമ്മൻ മനസ്സിനെ അത്രമാത്രം വിഷലിപ്തമാക്കിയിട്ടുണ്ട്. ജർമ്മനിയിലെ ഭാവി തലമുറകൾക്കും, മനുഷ്യസമുദായത്തിന്നുംവേണ്ടി, ജർമ്മനി കടുത്ത ചില പാഠങ്ങൾ പഠിച്ചേ കഴിയൂ.

ഉദ്ധതന്മാരും "ശാസ്ത്രീയമനസ്ഥിതിക്കാരുമായ" കിരാതന്മാർ നിറഞ്ഞതും, അന്ധവും അഹംകാരിയുമായ ഒരു രാഷ്ട്രത്തിന്നു എളുപ്പത്തിൽ ചെയ്യാവുന്ന ഒരു കൃത്യമല്ല ഇതു്. ജർമ്മൻകാർ, മററുള്ള പടിഞ്ഞാറൻ യൂറോപ്യന്മാർക്ക് ചതിയന്മാരായിട്ടാണ് കാണപ്പെടുക. എന്നാൽ ജർമ്മൻകാരും മററുള്ളവരുമായ യഥാർത്ഥവ്യത്യസ്തത പുറമേയുള്ള അവരുടെ വർഗ്ഗീയമോ, ശാരീരികമോ ആയ വ്യത്യാസങ്ങളല്ല. തോലിന്റെ നിറമോ, ഭാഷാവേഷങ്ങളോ അല്ല. പിന്നേയോ? മററുള്ളവരുടെ സംസ്കാരത്തോടുള്ള മതിപ്പ്, ജനകീയപരിഷ്കാരത്തോടുള്ള ആദരവ്, അന്യോന്യ വീക്ഷണഗതിയെ സംബന്ധിച്ച സഹനത, നീതി, ന്യായം, സ്വാതന്ത്ര്യാദർശങ്ങൾ, സഹകരണാസക്തി,—ഇവയെ സംബന്ധിച്ചാണ് ജർമ്മൻകാരും മററുള്ളവരും തമ്മിലുള്ള മൌലികമായ വ്യത്യാസങ്ങൾ. ജപ്പാൻകാരെപ്പോലെതന്നെ ജർമ്മൻകാർക്കും, മേല്പറഞ്ഞ ആദർശങ്ങളോടു അല്പംപോലും ആദരവില്ല; അവർ, തങ്ങൾ ഒരു യജമാനവർഗ്ഗമാണെന്നു അഭിമാനിക്കുന്നു. മററുള്ള ജനതകളുടെമേൽ ഈ ഗർവ്വ് നിറഞ്ഞ തത്വങ്ങൾ വെച്ചുകെട്ടി അടിമപ്പെടുത്തുന്നതിന്നു അവർ ശ്രമിച്ചുനോക്കി; പക്ഷെ പരിതാപകരമാംവണ്ണം പരാജയപ്പെട്ടു.

ഇന്നവർ വമ്പിച്ച ഒരു വിപത്തിന്റെ വക്കത്താണ് നിൽക്കുന്നതു്. എന്നിട്ടും അവരുടെ "അവകാശം" സ്ഥാപിക്കുന്നതിന്നു, അഭിപ്രായങ്ങൾ നിലനിർത്തുന്നതിന്നു, നാസികൾ കിണഞ്ഞു പരിശ്രമിക്കുവാനാണ് ഭാവം. അതുകൊണ്ടു് യുദ്ധഗതി ത്വരിതമാക്കേണ്ടതു് അത്യാവശ്യമായിരിക്കുന്നു; സഖ്യപക്ഷനേതാക്കൾക്ക് ഹൃദയം കുറേക്കൂടെ കാഠിന്യമുള്ളതാക്കേണ്ടിവന്നിരിക്കുന്നു. ജർമ്മനിയിലെ ഭാവിതലമുറകളെയാകമാനം ഈ നാസിപിശാചിന്നു അടമാനം വെക്കുന്നതിലും ഭേദം, ഇന്നത്തെ ജർമ്മൻതലമുറയെ അപ്പടി മായ്ച്ചുകളയുകയാണ്.

### നാസികളുടെ ക്രോധം നിഷ്പ്രയോജനമാണ്

പരാജയദിനം നീട്ടിവെക്കുന്നതിന്നു ഹിംലറും ഗോബൽസും തങ്ങളാലാവുന്നതും പരിശ്രമിക്കുന്നുണ്ട്. ഈയിടെയായി അതിന്നുള്ള അവരുടെ പരിശ്രമങ്ങളിൽ രണ്ടെണ്ണമാണ് പ്രധാനമായവ: ഒന്ന്, ജർമ്മനിയിൽ "ജനകീയസേന" രൂപീകരിക്കൽ. ഇതിന്റെ ഉദ്ദേശവും ഫലവും, ജർമ്മൻ ജനങ്ങളെ മുഴുവനും യുദ്ധരംഗത്തിലേക്കു ഉന്തിത്തള്ളിപ്പറഞ്ഞയക്കുക എന്നതാണ്. മറേറതു്, ബ്രിട്ടന്റെ മനോധൈര്യത്തെ കുറക്കുന്നതിന്നു വേണ്ടിയുള്ള ജർമ്മൻ ശാസ്ത്രത്തിന്റെ പുതിയ കണ്ടുപിടുത്തം, അതായതു, പുതിയ ആയുധമായ പൊട്ടിത്തെറിക്കുന്ന റോക്കററുകൾ.

ഈ രഹസ്യായുധത്തിന്റെ വിദ്യ ഭാവിയിൽ വളരെ പ്രയോജനപ്പെടുത്താവുന്ന ഒന്നാണ്. യുദ്ധാനന്തരം സമാധാനകാലത്തു്, അതു വളരെ വിശേഷപ്പെട്ടവിധത്തിൽ, അത്ഭുതാവഹവുമായി ഉപയോഗിക്കുന്നതിന്നുള്ള സാദ്ധ്യതകൾ അതിൽ അടങ്ങിയിട്ടുണ്ട്. പക്ഷെ ഒരു ആയുധമെന്നനിലക്കു അതു പരാജയപ്പെട്ടിരിക്കുന്നു. മുൻഗാമിയായ പറക്കുന്ന ബോംബിനെപ്പോലെതന്നെ, ബ്രിട്ടീഷു ജനങ്ങളുടെ മനക്കരുത്തിന്നു ഇളക്കം വരുത്തുക എന്ന ഉദ്ദേശ്യം സാധിക്കുന്നതിന്നു ഈ രഹസ്യായുധത്തിന്നും കഴിഞ്ഞിട്ടില്ല. ചർച്ചിൽ പ്രസ്താവിച്ചപോലെ അതിനെ ഉപയോഗിക്കുന്ന ആ നിഷ്ഠുരന്മാരെ പിടിക്കുന്നതിന്നുള്ള ആശ സഖ്യശക്തികളിൽ അധികരിക്കുക മാത്രമാണ് ചെയ്തിരിക്കുന്നതു്.

ഗോബൽസ് ജർമ്മൻജനതയോടു കണ്ണീരൊലിപ്പിച്ചുകൊണ്ടു്, സഖ്യശക്തികൾ പരിപാവനമായ ജർമ്മൻ ഭൂമിയിൽക്കടക്കുന്നതിന്നുള്ള പോരാട്ടം തുടരുന്നതിന്റെ നിഷ്ഠൂരതയെപ്പററി ഉൽബോധിപ്പിക്കുന്നു! ആയാൾ സഖ്യശക്തികളുടെ "മനസ്സാക്ഷിയോടു" അഭ്യർത്ഥിക്കുന്നു. എന്നാൽ, ജർമ്മൻകാരുടെ നിഷ്ഠൂര കൃത്യങ്ങളും, പ്രതികാരമനോഭാവവും, സഖ്യശക്തികൾ വിസ്മരിച്ചിട്ടില്ല. പോളിഷുകാർ, ജൂതന്മാർ തുടങ്ങിയ അനവധി ലക്ഷം ജനങ്ങളെ കോൺസൻട്രേഷൻ ക്യാമ്പിലടക്കുന്നതിന്നും, കൊച്ചുകുട്ടികളെ കൊല്ലുന്നതിന്നും ഇന്നും ഉത്തരവാദിയായ ഹിംലറുടെ ക്രൂരതയും, നീചമനസ്ഥിതിയും, സഖ്യശക്തികൾ ഇപ്പോഴും ഓർമ്മിക്കുന്നുണ്ട്.

(ശേഷം 6-ാം പേജിൽ)

# ആഴ്ചക്കുറിപ്പുകൾ

## ബർമ്മരംഗത്തിലെ വിജയങ്ങൾ

പൌരസ്ത്യ യുദ്ധരംഗത്തിലെ ഏററവും വലിയ യുദ്ധ മുന്നണിയാണ് ബർമ്മ. ബർമ്മാ രംഗത്തിലെ പ്രധാനികളായ സൈനികനേതാക്കന്മാരുടെ ലണ്ടനിലുള്ള സാന്നിദ്ധ്യം നിമിത്തം, ഈ രംഗത്തിലെ ചെയ്തികൾ കൂടുതലായി ലോകത്തിന്ന് അറിയപ്പെട്ടിരിക്കുന്നു. ഈ നേതാക്കന്മാരിൽ ഒരു പ്രധാനി, ചിണ്ഡിററുകളുടെ തലവനായ ജനറൽ ലെൻഡേയിൻ ആണ്. അദ്ദേഹം ലണ്ടനിൽവെച്ചു പ്രസ്താവിക്കുകയുണ്ടായി, തന്റെ കീഴിലുള്ള ആളുകൾക്കു വേണ്ടത്ര സാമഗ്രികൾ ലഭിക്കുമെന്ന്. അവർ അതു അർഹിക്കുന്നുമുണ്ട്. ലണ്ടനിൽവന്നിരിക്കുന്ന മറെറാരു സൈന്യാധിപൻ എയർമാർഷൽ ഗ്രൂബർട്ട് ആണ്. ഏതു തരത്തിലുള്ള വിമാനങ്ങളാണ് ബർമ്മാ രംഗത്തിൽ ആവശ്യമായിരിക്കുന്നതു് എന്ന് അദ്ദേഹത്തിന്നറിയാം. അവ ലഭിക്കുന്നതിന്ന് അദ്ദേഹം ശ്രമിക്കുന്നതുമായിരിക്കും. ബർമ്മയിൽനിന്നു ജപ്പാൻകാരെ തുരത്തുന്നതിന്നുള്ള തങ്ങളുടെ പരിശ്രമങ്ങളെപ്പററി ജനറൽ സുൽത്താനും, ജനറൽ വെഡമയരും പ്രസ്താവിക്കുകയുണ്ടായി. ഇതെല്ലാം സൂചിപ്പിക്കുന്നതു് ബർമ്മാരംഗത്തിൽ ജപ്പാനെതിരായുള്ള സമരത്തിന്നു വേണ്ട ഒരുക്കങ്ങളെല്ലാം തന്നെ പൂർത്തിയായിത്തുടങ്ങി എന്നാണ്.

ബർമ്മാറോഡ് ശത്രുവിന്റെ അധീനത്തിൽനിന്നു പിടിച്ചെടുത്താൽ, അതു ചൈനക്കു ആശ്വാസകരമായിവരും. മാത്രമല്ല ഇന്തോ-ചൈനയിൽനിന്നു വടക്കൻ ചൈനയിലേക്കു സാമാനങ്ങൾ കൊണ്ടുപോവുന്നതിന്നു ജപ്പാന്നുള്ള വഴി അടക്കുകയും ചെയ്യാം. മാണ്ഡലിക്കു നേരെയുള്ള ഗതിക്കു വേഗത കൂടിയിരിക്കുന്നു. കെന്നഡി പീക്ക്, ഫോർട്ട് വൈററ് ഇവയൊക്കെ വളരെ വേഗം പിടിച്ചെടുക്കുവാൻ സാധ്യമായി. ടിഡിം പിടിച്ചതുകൊണ്ടുള്ള ആനുകൂല്യം നിമിത്തമാണ് ഇത്ര എളുപ്പത്തിൽ ഈ സ്ഥലങ്ങൾ നമ്മുടെ കൈവശംവന്നതു്. ഇക്കൂട്ടത്തിൽ 36-ാം ചീന സേനാവിഭാഗം ഭാമോവിന്നും കാഥക്കും അരികിൽ യുദ്ധം ചെയ്യുന്നു.


യുദ്ധഗതിയുടെ വിജയത്തിന്നു അത്യന്താപേക്ഷിതമായ ഒന്നാണ് 'സന്ദേശ നിരകൾ' എന്നു പറയപ്പെടുന്നു. ബർമ്മയിൽ ഈ 'സന്ദേശനിരകൾ' ആകാശമാർഗ്ഗമായിട്ടാണ്. ബർമ്മയിലെ വിജയത്തിന്റെ വമ്പിച്ച പങ്കു വിമാന സേനക്കാണ്. ലണ്ടനിൽനിന്നുള്ള റിപ്പോർട്ട് പ്രകാരം, "ടൈംസ്," തുടങ്ങി "ഡെയിലിവർക്കർ" വരെ, യാതൊരു കക്ഷിവ്യത്യാസവുമില്ലാതെ, ബർമ്മരംഗത്തെപ്പററി, പത്രങ്ങളിൽ മുൻഭാഗത്തു തന്നെ തലവാചകങ്ങൾ കൊടുക്കുന്നുവെന്നറിയപ്പെടുന്നു. എന്നാൽ ഇന്ത്യയിലെ സർവ്വ ഗ്രാമങ്ങളിലും, തങ്ങളുടെ രാജ്യത്തിൽനിന്നു ശത്രുവിനെ അടിച്ചു പായിച്ച 14-ാം പടയെപ്പററി അറിയപ്പെട്ടിട്ടുണ്ട്.

## രൂസ്‌വെൽട്ടിന്റെ വിജയം

നാലാമത്തെ പ്രാവശ്യവും പ്രസിഡണ്ട് സ്ഥാനത്തേക്കു രൂസ്‌വെൽട്ടിനെത്തന്നെ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. മാത്രമല്ല, ഇപ്രാവശ്യം അദ്ദേഹത്തിന്നു കൂടുതൽ വോട്ടുകൾ ലഭിച്ചിട്ടുമുണ്ട്. ഇതു സൂചിപ്പിക്കുന്നതു, യുദ്ധം ജയിക്കുന്നതിന്നുള്ള അമേരിക്കക്കാരുടെ ദൃഢനിശ്ചയത്തെയാണ്. ഇക്കാര്യത്തിൽ തെരഞ്ഞെടുപ്പു നീട്ടിവെക്കണമെന്ന ചർച്ചിലിന്റെ ബില്ലിനെ അനുകൂലിച്ച ബ്രിട്ടീഷ് പാർല്ലിമെൻറ് ചെയ്ത മാതിരിത്തന്നെയാണ് അമേരിക്കക്കാരും ചെയ്തിരിക്കുന്നതു്.

ഇപ്രാവശ്യത്തെ തെരഞ്ഞെടുപ്പു മത്സരത്തിൽ മി. രൂസ്‌വെൽട്ട് വളരെയധികം ഗൌരവതയാണ് പ്രദർശിപ്പിച്ചതെന്നതു പ്രത്യേകം പ്രസ്താവയോഗ്യമാണ്. ലോകത്തിലെ ഒരു പ്രധാനപ്പെട്ട ഈ മഹാന്റെ മുമ്പിൽ, 'മാഞ്ചെസ്റ്റർ ഗാർഡിയൻ' പത്രത്തിന്റെ അഭിപ്രായത്തിൽ മൂന്നു വമ്പിച്ച പ്രശ്നങ്ങൾ കിടക്കുന്നുണ്ട്: യുദ്ധം ജയിക്കുക, സഖ്യ ശക്തികളിൽ ഭിന്നിപ്പുണ്ടാകാതെ സൂക്ഷിക്കുക, സുരക്ഷിതമായ സമാധാനത്തിന്നു അടിസ്ഥാനമിടുക. ലോകത്തിലെ മൂന്നു മഹനീയ നേതാക്കന്മാരായ മാർഷൽ സ്റ്റാലിൻ, ചർച്ചിൽ, രൂസ്‌വെൽട്ട് ഇവരെല്ലാവരും ഈ പ്രശ്നങ്ങളെ സംബന്ധിച്ച് ഒരേ അഭിപ്രായമാണ് പ്രകടിപ്പിച്ചിരിക്കുന്നതു് എന്ന വസ്തുതയിൽനിന്നു നമുക്ക് ഈ ലക്ഷ്യപ്രാപ്തി ആസന്നമായിരിക്കുമെന്നു അനുമാനിക്കാം.

# ലോകമഹാ യുദ്ധം ഇങ്ങിനെ കാണുക




## ഫിലിപ്പൈനിലെ യുദ്ധം

ജനറൽ മക് ആർതറും സേനയും ലെയിററ് ദ്വീപിൽ ഇറങ്ങിയതിന്നുശേഷം, ലെയിററ് ദ്വീപിൽവെച്ചു കൊല്ലപ്പെട്ട ജപ്പാൻകാരുടെ സംഖ്യ 35,000 ആണെന്നു കണക്കാക്കിയിരിക്കുന്നു. ഏതാണ്ട് ഈ സംഖ്യ ആ ദ്വീപിലുള്ള ജപ്പാൻ പടകളുടെ ആകത്തുകയാണ്; ദ്വീപുകളിൽ ജപ്പാനിലുള്ള സേനയുടെ എട്ടിലൊരു ഭാഗവും. ലെയിററ് ദ്വീപിലേക്കു വീണ്ടും ജപ്പാൻ പട്ടാളക്കാർ കൊണ്ടുവരപ്പെട്ടിരിക്കുന്നു; ദ്വീപിന്റെ വടക്കു ഭാഗത്തു ഭയങ്കര യുദ്ധം തുടർന്നുവരുന്നു സഖ്യവിമാനങ്ങൾ ജപ്പാന്നു ചെയ്യുന്ന ഉപദ്രവങ്ങൾ കുറച്ചൊന്നുമല്ല. ജപ്പാനിൽനിന്നു ഫിലിപ്പൈനിലേക്കു കൂടുതൽ സേനകളെ കൊണ്ടുവരാൻ തന്മൂലം സാദ്ധ്യമല്ല. ചൈനയിൽനിന്നും അങ്ങിനെ തന്നെ. കാരണം ജനറൽ നിമിററ്സിന്റെ കീഴിലുള്ള കപ്പൽപടയുടെ കൺമുന്നിലൂടെ വേണം പടകളെ കൊണ്ടുപോകാൻ. ജപ്പാൻ ഈ സാഹസത്തിന്നു സന്നദ്ധമാവുകയില്ല തന്നെ.

## തെക്കുകിഴക്കൻ യൂറോപ്പിൽ റഷ്യയുടെ യുദ്ധതന്ത്രം

റുമേനിയ, ബൾഗേറിയ, ഗ്രീസ്, യുഗോസ്ലാവ്യ, ആൽബേനിയ, ഹങ്കറി, എന്നീ ബാൾക്കൻ രാജ്യങ്ങളിൽ ഉണ്ടായ കൂട്ടു പ്രഹരങ്ങൾ നൽകുന്നതിന്ന്, മാർഷൽ ടിറേറാവിന്റെ കീഴിലുള്ള സേനകളും ബ്രിട്ടനും വളരെ സഹായിച്ചിട്ടുണ്ട്. എന്നാൽ, ഈ സംരംഭത്തിലെ സിംഹഭാഗം എടുത്തിട്ടുള്ളതു് റഷ്യയാണെന്നു എല്ലാവർക്കും അറിയാം. ഈ സ്ഥലങ്ങളിലുണ്ടായ റഷ്യൻ യുദ്ധരീതികൾ, സൈനികമായും, രാജ്യതന്ത്രപരമായും വളരെയധികം പ്രയോജനപ്പെട്ടതും പ്രധാനവുമാണ്. ഒരു വമ്പിച്ച സേന, കൈവശമുണ്ടായിരുന്നതുമൂലം റഷ്യക്കു വിജയകരമാംവിധം "ചവണപ്രയോഗം" തുടരുന്നതിന്നു സാധിച്ചു. ഈ യുദ്ധരീതി മൂന്നു മാസങ്ങൾക്കു മുമ്പു, റുമേനിയയെ ആക്രമിച്ചപ്പോൾ, ഉപയോഗിച്ചു. അതിന്നുശേഷം ബൾഗേറിയ രാജ്യതന്ത്രപരമായ ഭീഷണിക്കു വശംവദയായി. ഈ സംരംഭം വിജയപ്രദമായപ്പോൾ, മാർഷൽ ടിറേറാവുമായിസംബന്ധിക്കുന്നതിന്നു സൌകര്യപ്പെട്ടു. ഈ യുദ്ധത്തിൽ ബൽഗ്രേഡ് സ്വാതന്ത്ര്യമാക്കുന്നതിന്നു സാധിച്ചു; ഹങ്കറിയിലേക്കു പാഞ്ഞുകയറുന്നതിന്നും കഴിഞ്ഞു. വീണ്ടും ട്രാൻസിൽവേനിയെ സ്വാതന്ത്ര്യമാക്കുന്നതിന്നും ബുഡാപെസ്റ്റിലേക്കു കുതിക്കുന്നതിന്നും ചവണ യുദ്ധതന്ത്രം മൂലം സാധ്യമായി ഈയുദ്ധത്തിലെ വമ്പിച്ച സൈനികമായ വളയൽ ഇതുമൂലം സാധിച്ചു. സ്ഥലങ്ങൾ നേടിയെന്നുമാത്രമല്ല, കൊല്ലപ്പെട്ടവരും തടവുകാരാക്കിപ്പിടിക്കപ്പെട്ടവരുമായ ശത്രുക്കളുടെ സംഖ്യയും, സാമഗ്രികളും, വളരെ വമ്പിച്ചതും കൂടുതൽ പ്രധാനമായവയാണ്. ഒക്ടോബർ 6-ാം തിയ്യതി മുതൽ നവെമ്പർ 6-ാം തിയ്യതിവരെ ജനറൽ മാലിനോസ്കിയുടെ നേതൃത്വത്തിലുള്ള സേന 100,000 ജർമ്മൻകാരും ഹങ്കറിക്കാരുമായ സേനകളെ കൊല്ലുകയും 42,000 പേരെ തടവുകാരായിപ്പിടിക്കുകയും ചെയ്തു. നശിപ്പിക്കപ്പെട്ട സാമഗ്രികളിൽ 416 വിമാനങ്ങൾ, 900 ടാങ്കുകൾ, 1,450 തോക്കുകൾ മുതലായവ ഉൾപ്പെടുന്നു. ജർമ്മനിക്കു ഈ രാജ്യങ്ങളിൽ പ്രത്യേകിച്ചും റുമേനിയയിൽ നഷ്ടപ്പെട്ട അസംസ്കൃത പദാർത്ഥങ്ങളും ഇതോടു കൂടി കൂട്ടി നോക്കിയാലറിയാം എത്ര കനത്തതും ഭയങ്കരവുമായ നഷ്ടങ്ങളാണ് പററിയിരിക്കുന്നതെന്ന്.

## ടിറേറാവും കൂട്ടുകാരും

ബാൾക്കനിൽ റഷ്യൻ സേനയും, ബ്രിട്ടീഷു സേനയും മുന്നോട്ടു പോയതു സാധ്യമാക്കിത്തീർക്കുന്നതിൽ ഒരു വലിയ പങ്ക് മാർഷൽ ടിറേറാവിന്റെ നേതൃത്വത്തിലുള്ള പാർട്ടിസൻ പട്ടാളക്കാർക്കാണ്. മുറിപ്പെട്ടവരും, അംഗഭംഗങ്ങൾ വന്നവരുമായ പാർട്ടിസൻപട്ടാളക്കാർക്കു ഇററലിയിൽനിന്നു സഖ്യശക്തികൾ വൈദ്യസഹായങ്ങളും മററും നൽകപ്പെട്ടിട്ടുണ്ട്. ഒരു ചെറിയ 'ഗെറില്ല' സേനയിൽനിന്നു ഇന്നു ഈ സേന ഏററവും മികച്ച രീതിയിലുള്ള ഒരു പട്ടാളമായിത്തീർന്നിട്ടുണ്ട്. അവർക്കു സ്വന്തമായി വിമാനസേന കൂടെ ഇന്നുണ്ട്. ഇതിന്നു സാധ്യമായതു, റഷ്യയും ബ്രിട്ടനും നൽകിവന്ന സഹായങ്ങളാലാണ്. യുഗോസ്ലാവിയയുടെ കടൽക്കരയൊട്ടു മുക്കാലും ഈ പാർട്ടിസൻ പട്ടാളക്കാരാണ്. ഗ്രീസിൽനിന്നു രക്ഷപ്പെട്ടു ആൽബേനിയൻ മലകളിലേക്കു പാഞ്ഞേത്തുന്ന ജർമ്മൻസേനകൾക്കു ടിറേറാവിന്റെ സേനകൾ നല്ല പ്രഹരങ്ങൾ നൽകുന്നുണ്ട്.

## മെട്സ്—അവസാന സമരത്തിന്റെ ആദ്യത്തെ ആരംഭം

"ഞാൻ ജീവിക്കുന്നേടത്തോളം.... ഞാൻ ശ്വസിക്കുന്നേടത്തോളം" ഇങ്ങിനെയുള്ള ശൈലികൾ പലവുരു ആവർത്തിച്ചുകൊണ്ടാണ് ഈയിടെ ഹിററ്ലർ പ്രസംഗിച്ചതു്. ലേശവും ഉശിരില്ലാത്ത ഇഴഞ്ഞ ഒരു പ്രസംഗമായിരുന്നു അതു്. ജർമ്മനിയുടെ 15-ാം സേനക്കു ജനറൽ വോൺസാംഗൻ നൽകിയ ഉത്തരവിലും കാര്യങ്ങൾ തുറന്നു പറഞ്ഞിട്ടുണ്ട്, "ഷെൽട്ടിലെ പ്രതിരോധ വ്യവസ്ഥകളെല്ലാം തകർത്തതിന്നുശേഷം ആയാൾ പറയുകയാണ്: "ഇംഗ്ലീഷുകാർക്ക്" കൂടുതൽ പടകളെ ഇറക്കുന്നതിന്നു സാധ്യമായെന്നുവരും. ഈ ശക്തിയോടുകൂടെ അവർ മഞ്ഞുകാല ആരംഭത്തിന്നു മുമ്പെത്തന്നെ വടക്കെ ജർമ്മൻ പീഠഭൂമിയിലേക്കു ആഞ്ഞു കയറുകയും, ബർലിനിൽ പ്രവേശിക്കുകയും ചെയ്യുന്നുവരാം." ജർമ്മൻകാർക്കാവുന്ന വിധത്തിലൊക്കെ സർവ്വശക്തികളും സംഭരിച്ചു സമരം ചെയ്തിട്ടും മെട്സിൽനിന്നു, ജനറൽ പാററന്റെ നേതൃത്വത്തിലുള്ള സേനയുടെ പ്രഹരങ്ങൾ താങ്ങാൻ വയ്യാതെ പിന്മാറി വരുന്നുവത്രേ. മോസ്സല്ലേ നോക്കിയുള്ള ഈ ആക്രമണം ജർമ്മനിയിലെ ഒരു പ്രധാന വ്യവസായ കേന്ദ്രമായ സാർ പ്രദേശത്തെ അപകടത്തിലാക്കിയിരിക്കുന്നു. സാർബ്രൂക്കനിൽനിന്നു എല്ലാവരും ഒഴിച്ചോടിപ്പോയിരിക്കുന്നു. നീതർലണ്ടിന്റെ യുദ്ധം എത്ര പ്രധാനപ്പെട്ടതാണെന്നു പ്രധാനമന്ത്രി പ്രസ്താവിച്ചതു അക്ഷരംപ്രതി ശരിയാണെന്നാണ് ഈ വക സംഭവങ്ങൾ തെളിയിക്കുന്നതു്

(ശേഷം 9-ാം പേജിൽ)

# തടവുകാരൻ

(ജി. പി. ശങ്കരമംഗലം)

(പാന)

കൊണ്ടുവന്നാർ, ഭടജ്ജനം, ബന്ദിയെ-
രണ്ടുകൈക്കും വിലങ്ങുവെച്ചങ്ങനെ,
രാവണേശ്വരൻ തന്മുന്നിലായ്പ്പുരാ-
രാമദൂതനെ രാക്ഷസർ പോലവെ!

ഭരതത്തിന്നതിർത്തിസ്ഥലങ്ങളിൽ
ഘോരഘോരം നടന്ന യുദ്ധങ്ങളിൽ,
ധീരകൃത്യമനേകമിയററിയ-
വീരനിൻഡ്യൻപടയാളിയമ്മഹാൻ.

പെട്ടുപോയ് ഹാ, ചതിപ്രയോഗത്തിനാൽ
പുഷ്ടധൈര്യവാൻ ജാപ്പുഹസ്തങ്ങളിൽ.
ഒട്ടുനേരംപ്രഭാകരാത്യുജ്ജ്വല-
ത്വിട്ടു കാർമുകിൽമൂടിയെന്നുംവരാം!

സൈനികന്മാരശേഷമാശ്ചര്യവ-
സൈന്യനാഥനെക്കണ്ടുകൈകൂപ്പിനാർ,
ശബ്ദശൂന്യമായ്ത്തീർന്നുസഭാസ്ഥലം
കൽത്തുറുങ്കെന്നപോലെ ഝടുതിയിൽ!

അഗ്ര്യപീഠത്തനന്തരുക്ഷേക്ഷണാൽ-
ഉഗ്രനോട്ടം വഹിച്ചുകൊണ്ടങ്ങനെ
നിഗ്രഹത്തിന്നധീശനെന്നോണ, മ-
ത്യുഗ്രനായിട്ടിരിപ്പൂ, ന്യായാധിപൻ!

ഭീകരങ്ങളാം ശസ്ത്രങ്ങളാൽസ്വയം-
ഭീകരത്വമിരട്ടിച്ചുകാട്ടുവോർ
കാവലാളികൾ നിൽക്കുന്നുചുററിലും-
കാലകിങ്കരർ, കല്പംകൊടുക്കുവോർ.

അക്രമത്തിന്നടിസ്ഥാനരംഗമാ-
മപ്രദേശേ ഭടജ്ജനക്കോട്ടപോൽ
നിഗ്രഹത്തെയംഹിംസയെന്നോതിടും-
നിഷ്ഠുരനവ്യനീതിക്കുവന്ദനം!
മുൾച്ചെടികൾക്കിടക്കു മുളച്ചൊരു-
കൽപദാരുപോൽനിൽപ്പൂ ഭടാഗ്രിമൻ!

II

പ്രാഡ്വിപാകൻ വിളിച്ചുചോദിക്കയായ്,
“കേട്ടുവോ നീ നികൃഷ്ടസൈന്യാധമാ!
വാട്ടമററമൽസ്സേനയിലുള്ളതാം
കൂട്ടുകാരെയനേകരെക്കൊന്നവൻ,

ഓമനയാമ്ശുളന്താമെന്നുടെ
ഏകപുത്രൻെറ കൈകാലൊടിച്ചവൻ,
വിക്രമാബ്ധിയാമെന്നംഗരക്ഷിയെ-
യക്രമത്താൽപിടിച്ചുബന്ധിച്ചവൻ

ഭക്ഷണീയനെൻസാമ്രാജ്യനാഥനെ-
ദ്ദൂഷണത്താലഭിക്ഷിക്തമാക്കിയോൻ,
ദുർഘടമാമിരുമ്പഴിക്കുള്ളിലും
സഖ്യശക്തിതൻനിത്യസമ്പൂജകൻ,

ശാസനേശനാമെൻമുന്നിലുംബലാൽ-
ക്രൂസലെന്ന്യേനിവർന്നുനിൽക്കുന്നവൻ,
ദുഷ്ടദുഷ്ടം; നിനച്ചുപാർക്കുമ്പോൾനിൻ-
ദുഷ്കൃതങ്ങൾ പൊറുക്കുന്നതില്ലമേ:

ശിക്ഷണീയനാം നിന്നെവധിക്കുവാൻ
ഇക്ഷണംഞാൻ വിധിക്കുന്നതുണ്ടെടാ:
ഓതുവാനുണ്ടുവല്ലതുമെങ്കിൽ; ഞാൻ,
സാധുവെന്നോർത്തുസന്ദർഭമേകിടാം”

സംഭ്രമിച്ചുപോയ്, ന്യായം നടത്തലിൽ-
സമ്പ്രദായം നിനച്ചു സഭാജനം;
നോക്കിബന്ദീമുഖത്തുസുദീർഘമാം
ചോദ്യചിഹ്നംകണക്കു ന്യായാധിപൻ!

“വന്ദനം! ഭവൽ ശിക്ഷാവിധിക്കിതാ;”
ബന്ദിയോതി: കൃതാർത്ഥമനസ്വിയായ്,
“ധന്യയായ് ഞാൻ; മദീയനാട്ടിന്നെഴും-
പുണ്യവൃത്തം തികച്ചും പവിത്രമായ്,

ത്യാഗപൂർവ്വത ദുർദ്ധ്വനിയല്ലയാ
നാകസൗഖ്യ വിളനിലമൊക്കെയും,
ഉച്ചരമെൻ ജീവിതാപ്പുണാൽ, മാതൃഭൂ
വല്പമല്പമുയർത്താൻ കഴിഞ്ഞതിൽ,

ഇച്ചെറുക്കൻ ചരിതാർത്ഥനാണു നീ
വെച്ചുകൊൾക വെടി, മമ നെഞ്ചിതിൽ
ഒന്നുമാത്രം; മഹാദുഷ്ടർ നിങ്ങളെ-
വെന്നുഭൂതലം ശുദ്ധീകരിക്കുവാൻ,

ഇന്നുലക്ഷം സുഹൃത്തുക്കളുണ്ടെനി-
ക്കെന്നുമാത്രം; മറക്കാതിരിക്കണം!

ഫാസിസത്തിൻ വിഷപ്പല്ലുതിക്കുവാൻ
ക്രൂസലെന്ന്യേപ്രതിജ്ഞ ചെയ്യുള്ളവർ,

ഏക്ഷനിങ്ങളെ നിർമ്മാജ്ജനംകഴി-
ച്ചാഷ്ഭൂമി വിശുദ്ധീകരിച്ചിടും.
അക്രമത്താലടക്കിയ തൊക്കെയും
തൽക്രമത്താൽ പടിച്ചുവാങ്ങിച്ചുടൻ

വിക്രമന്മാർ മൃഗങ്ങളേ; നിങ്ങൾതൻ-
ചക്രവർത്തിയെ ചക്രംതിരിച്ചിടും,
സഖ്യസൈനിക മാർത്താണ്ഡദീപ്തിയിൽ
നിൽക്കുമോ ജാപ്പുക്രൂരിതൾ ചുററുകൾ?

അക്രമികളെ! യാകട്ടെ, ഉണ്ടയൊ-
ന്നിക്കരളിൽ പൊഴിക്കൂ, സമയമായ്
ഹാ മരണമേ! സഖ്യജയ ശ്രീയായ്
നീവരൂ; ഞാൻവരിക്കാം കൃതാർത്ഥനായ്

നിർത്തിവീരൻ, വികാരവിജൃംഭിതൻ,
ക്രുദ്ധതാമ്രനയനൻ, ദൃഢവ്രതൻ;
ചണ്ഡവാതമൊഴിഞ്ഞോരുഭൂമിപോൽ
മണ്ഡനസ്ഥലം ശബ്ദവിഹീനമായ്;

ഞെട്ടുമാറൊന്നിടിവെട്ടി, മിന്നലാൽ
പുച്ഛഭാവാൽ ചിരിച്ചുപോയ് ലോകവും
മാരുതോച്ചലൽ ശാഖകളാൽ സ്വയം-
മാറിമാറിയടിച്ചു മരങ്ങളും,

“കൊണ്ടുപോകുവിൻ നീചനെ” ജഡ്ജുടൻ-
ശുണ്ഠിപൂണ്ടു വിളിച്ചുപറകയായ്,
കേൾക്കുമാറായ് പ്രതിധ്വനിയെന്നപോൽ-
സഖ്യസേനതൻ സൈനികകാഹളം,

ഞെട്ടിജാപ്പുകാർ, തുള്ളിയാർത്തുഭടൻ,
എത്തി ഭാരതസൈനികശക്തികൾ;
ബന്ധനസ്ഥരായ് ജാപ്പുകാരൊക്കെയും,
ബന്ധുരനായ്ജ്വലച്ചുദിവാകരൻ!

സാരസൽകൃതവീരനാം തോഴനെ
വാരിവാരിത്തഴുകീസമാഗതർ;
മംഗലാനന്ദവാക് പ്രവാഹത്തിനാൽ-
മംഗലാത്മനെ വാഴ്ത്തീസമസ്തരും!!

(3-ാം പേജിൽനിന്നു തുടച്ച്)


തീച്ചയാണ് സഖ്യസേനകൾ ജർമ്മനിയിലെ കിടാങ്ങളെ ഉപദ്രവിക്കുകയില്ല. കുററവാളികൾ അതിൻെറ ഫലം അനുഭവിക്കണം എന്ന അഭിപ്രായക്കാരാണ് സഖ്യശക്തികൾ. ലോകത്തിൽ നീതിപരിപാലിക്കണം. ജർമ്മൻകാരുടെ ഇന്നത്തെ ദൃഢനിശ്ചയത്തിൻെറ പിന്നിൽ കുററങ്ങളുടെ കൂമ്പാരങ്ങൾ കുന്നു കൂടിക്കിടക്കുന്നുണ്ട്. ജർമ്മനിയിലെ ഇന്നു ദുഷ്കൃത്യം ചെയ്യുന്ന കൂട്ടർ ഭാവിയിലെ ജർമ്മൻ തലമുറകളുടെ മനസ്സും പങ്കിലമാക്കാൻ സഖ്യപക്ഷക്കാർ, അവരെ അനുവദിക്കുമെന്നു വിചാരിക്കുന്നുണ്ടെങ്കിൽ, അതു വെറുത്ത ഒരു മിത്ഥ്യാബോധം മാത്രമത്രേ.

## ജർമ്മൻ പ്രതിരോധസംരംഭം ഒരു വെറും പുറംപൂച്ച്

ജർമ്മൻ അതൃത്തികടന്നുകഴിഞ്ഞ സംഖ്യസേനകൾ തങ്ങളുടെ ഉദ്ദിഷ്ടകൃത്യം സാധിക്കുന്നതിന്നു സന്നദ്ധമായി നിൽക്കുന്നു. ജർമ്മനി എത്ര വേഗം പൊട്ടിത്തെറിച്ചു പോവുമെന്ന് നിശ്ചയിക്കാൻ വയ്യ; എങ്കിലും കുറച്ചു മാസങ്ങൾക്കുള്ളിൽത്തന്നെ അതു സംഭവിക്കുമെന്ന് ഊഹിക്കേണ്ടിയിരിക്കുന്നു. ഇപ്പോൾ മഞ്ഞുകാലമാണ്. സഖ്യശക്തികളെക്കാൾ അധികം ജർമ്മൻകാർക്കാണ് ഇതുകൊണ്ടുള്ള ദോഷം. ജർമ്മൻകാരുടെ പ്രതിരോധ സംരംഭങ്ങൾ വെറും പുറംപൂച്ചുമാത്രമാണ്. സൂക്ഷിച്ചു പരിശോധിച്ചാൽ, അവയുടെ ഉള്ളു വെറും പൊള്ളയാണെന്നു കാണും. ഹിററ്ലരാകുന്നവിപത്തിന്ന് ഇന്ന് അവശേഷിച്ചിട്ടുള്ള ഭാഗങ്ങളാണ് എസ്. എസ്. സേനാവിഭാഗങ്ങൾ. ഈ നോർഡിക് ദൈവങ്ങളുടെ വീഴ്ചക്കുശേഷം, തെററിനയിക്കപ്പെട്ട ആ ജനങ്ങളെ നേർവഴിലേക്കു കൊണ്ടുവരുന്നതിന്നുള്ള വിദ്യാഭ്യാസം സമാരംഭിക്കും.


# ബർമ്മ യുദ്ധരംഗത്തിൽ





ശത്രുക്കളിക്കാട്ടിനകത്തു പാര-
മൊളിഞ്ഞിരിക്കുന്നു പലേവിധത്തിൽ.

പീരങ്കിയാൽ വൈരിയെ യാകമാനം
കൊന്നീടുവാൻ യോധരിതാൻ ശ്രമിപ്പൂ !



കുന്നും പെരും മലകളും വിഷമിച്ചു താണ്ടി-
ച്ചെന്നീടണം വിരവിൽ വൈരിയെ നാശമാക്കാൻ ;
എന്നാകിലെന്തു് ? വിജയത്തിലണഞ്ഞിടാതെ-
പിന്നോട്ടു കാലൊരടിപോലുമെടുത്തുവെയ്ക്കാ !



പോർചെയ്തു ക്ഷീണിച്ചു വിയർത്തുവെന്നാൽ-
പ്പോലും ലവം വിശ്രമമാർന്നിടാതെ,

പോകുന്നു മുന്നോട്ടവർ, തോക്കുതാങ്ങി-
പ്പോരാളിമാർ, ബർമ്മ സ്വതന്ത്രമാക്കാൻ.

# ഒരു ധീരവനിത

(ഡോക്ടർ കെ. സി. പത്മാവതി)

അതു് 1941 ലെ വേനൽക്കാലമായിരുന്നു.

കസക്കിലെ ഒരു കാലിവളൎത്തുകാരന്റെ പുത്രിയായിരുന്ന മാൻഷ്യുക്ക് മമെടോവ. 19 വയസ്സുമാത്രം പ്രായമായിരുന്ന ഈ യുവതി അക്കാലത്തു മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വായിക്കുകയായിരുന്നു. ആ ദുൎദ്ദിനത്തിൽ—അതേ, ജൂൺ 22-ാംതിയ്യതി അവൾ സ്വഗ്രാമത്തിലെ തെരുവിലൂടെ ഉലാത്തിക്കൊണ്ടിരുന്നു. ഒരു സുപ്രസന്നമായ സായാഹ്നം; അരികിലൂടെ ഒലിച്ചുപോകുന്ന തോടുകളിലെ ഓളംവെട്ടൽ കേൾക്കാൻ മധുരമായിരുന്നു, പാദസരം കിലുക്കിപ്പായുന്ന ഒരു വികൃതി പെൺകുഞ്ഞിന്റെ മട്ട്; ആ പാൎക്കിൽ ഒരു വലിയ ജനസമൂഹമുണ്ടു് തടിച്ചുകൂടിയിട്ടു്; അവരെല്ലാംതന്നെ ഉച്ചഭാഷിണിയിൽനിന്നു കേൾക്കുന്ന ഓരോ വാക്കും സോൽക്കണ്ഠം ശ്രദ്ധിക്കുകയാണു്. മാൻഷ്യുക്കും ആ കൂട്ടത്തിൽ ചേൎന്നു. ജൎമ്മൻകാർ സോവിയറ്റ് യൂനിയനെ വഞ്ചനാപരമാംവിധം ആക്രമിച്ചുകഴിഞ്ഞു! വിദേശകാൎയ്യമന്ത്രി മൊളോട്ടോവാണു് പ്രസംഗിക്കുന്നതു്!

മാൻഷ്യുക്കിന്റെ വികാരങ്ങൾ എന്തായിരുന്നുവെന്നു പറവാൻ വിഷമമാണു്. അവൾ അസ്വസ്ഥതയോടെ അല്പനേരം അങ്ങുമിങ്ങും ഉലാത്തി. സോവിയറ്റ് യൂനിയൻ ആക്രമിക്കപ്പെട്ടു! ഈ വാക്കുകൾ വീണ്ടും വീണ്ടും അവളുടെ ചെവികളിൽ പ്രതിധ്വനിച്ചു. സോവിയറ്റ് നാട്ട്—ആ പേർ കേൾക്കുമ്പോൾ അവൾക്കു കോൾമയിർ കൊള്ളുന്നു; എന്തെല്ലാമോ ആവേശങ്ങൾ! അവൾ ഒരു മാട്ടിടയന്റെ മകൾ. അവൾക്കും ഡോക്ടരാവാമെന്നു് അവളെയും ലോകത്തെ പഠിപ്പിക്കുന്ന നാട്ട്, പഴയ പ്രഭുത്വത്തിൽനിന്നും പാരതന്ത്ര്യത്തിൽനിന്നും, തങ്ങളെ സ്വതന്ത്രമാക്കിയ സോവിയറ്റ് നാട്ട്! അവളുടെ രക്തം ചൂടു പിടിച്ചു; നെററിയിൽ ഓളങ്ങളിളകി. എന്തോ ഒരു ദൃഢനിശ്ചയത്തിന്റെ ചിഹ്നങ്ങൾ ആ മുഖത്തിൽ പ്രകാശിച്ചു! അതേ, സോവിയറ്റ് നാടിനെ രക്ഷിക്കണം, അവൾക്കു തോന്നി, അതു് അവളെ രക്ഷിക്കുക മാത്രമാണെന്നു്.

മിലിട്ടറി അധികൃതന്മാരുടെ ആഫീസിലേക്കാണു് അവൾ നേരെ പോയതു്. തനിക്കു ആദ്യംതന്നെ യുദ്ധമുന്നണിയിലേക്കു പോകണമെന്നവൾ ആവശ്യപ്പെട്ടു. അവർ അനുകൂലിച്ചില്ല. ഒരു മെഡിക്കൽ വിദ്യാൎത്ഥിനി, 19 വയസ്സ് പ്രായംചെന്ന യുവതി, ഇപ്പോൾതന്നെ യുദ്ധമുന്നണിയിലേക്കു പോവുകയോ? അധികൃതന്മാർ തല ചൊറിഞ്ഞുകൊണ്ടു ആലോചിച്ചു. സോവിയറ്റ് നാട്ടിൽ തണ്ടും തടിയും, ചുറുചുറുക്കും ചോരത്തിളപ്പുമുള്ള ചെറുപ്പക്കാർ എത്ര വേണമെങ്കിലുമുണ്ടല്ലോ. പിന്നെ, ഒരു വൈദ്യവിദ്യാൎത്ഥിനി, ഇത്രമാത്രം തിടുക്കപ്പെടുന്നതെന്തിന്നു്? ഏതെല്ലാം വിധത്തിൽ അവളെക്കൊണ്ടു് ജനങ്ങൾക്കാവശ്യമുണ്ടു്?

പക്ഷെ മാൻഷ്യുക്ക് വിട്ടില്ല. അവൾ വാശിപിടിച്ചപേക്ഷിച്ചു. നിവൃത്തിയില്ലാതെ, അധികൃതന്മാർ അവളുടെ അഭിമതം അനുവദിച്ചു. കസക്കിൽനിന്നു ആദ്യത്തെ ബെററാലിയൻ യുദ്ധമുന്നണിയിലേക്കു പോയി. ആ കൂട്ടത്തിൽ കറുത്തതലമുടിക്കാരിയായ മാൻഷ്യുക്കും ഉണ്ടായിരുന്നു—പട്ടാളത്തിലെ ആദ്യത്തെ കസക്ക് ബാലിക!

നിങ്ങൾ പ്രതീക്ഷിക്കുന്നപോലെ, ഒരു നൎസോ, ഡോക്ടരോ മറേറാ ആയിട്ടല്ല അവൾ യുദ്ധരംഗത്തിലേക്കു പോയതു്. അവൾ മെഷീൻ തോക്കുപയോഗിക്കാൻ പരിശീലിച്ചു. ആദ്യത്തെ സമരത്തിൽതന്നെ, അവൾ നിപുണയായ ഒരു പട്ടാളക്കാരിയാണെന്നു തെളിയിച്ചു.

1943 ൽ മാൻഷ്യുകിന്റെ സേനാവിഭാഗം നേവൽ എന്ന ഗ്രാമം സ്വതന്ത്രമാക്കുന്നതിന്നു നിയോഗിക്കപ്പെട്ടു. ഈ കൃത്യം ഒട്ടും എളുപ്പം കുറഞ്ഞ ഒന്നല്ലായിരുന്നു. കനത്ത വൈരിനിരകൾ ഭേദിച്ചു മുന്നോട്ടുകയറണം ഉദ്ദേശ്യം സാധിക്കുവാൻ; പക്ഷെ ചുവപ്പു പട്ടാളം എന്തിനും തയ്യാറായിരുന്നു; തങ്ങളുടെ രാജ്യത്തിലെ ഓരോ ഇഞ്ചിന്നും വേണ്ടി അവർ പൊരുതും!

മാൻഷ്യുക്കു ഏററവും മുന്നിലുള്ള സൈനികനിരയിലായിരുന്നു. എത്ര നേരം യുദ്ധം നടന്നുവെന്നു മാൻഷ്യുക്കിന്നു നിശ്ചമില്ലായിരുന്നു. എന്തായാലും, അവൾ ശത്രുവിനെ നല്ലൊരു പാഠം പഠിപ്പിച്ചു. ഉടനെത്തന്നെ, ഒരു വെടിയുണ്ട അവളുടെ ശിരസ്സിൽ തറച്ചു; അവളുടെ മുഖം രക്തത്തിൽക്കുഴകപ്പെട്ടു. ബോധരഹിതയായി, മെഷിൻതോക്ക് താഴത്തിട്ടു, അവൾ വീണു. ബോധം വന്നപ്പോൾ, അവൾ ഉരത്ത ചില പാദവിന്യാസസ്വരങ്ങൾ കേട്ടു. ജൎമ്മൻകാർ അവളുടെ മെഷീൻതോക്കു പിടിച്ചു പററാൻ മുന്നിട്ടുവരികയാണു്.

അവർ വളരെ അടുത്തുവരുന്നതുവരെ മാൻഷ്യുക്കു നിശ്ശബ്ദയായിരുന്നു. അവരുടെ മുഖങ്ങൾ അവൾക്കു വ്യക്തമായി കാണപ്പെട്ടു. മാൻഷ്യുക്കിന്റെ മെഷിൻ തോക്കിൽനിന്നു വെടിയുണ്ടകൾ വൎഷിച്ചു. ജൎമ്മൻ പട്ടാളക്കാർ പിൻതിരിഞ്ഞു. മുഖത്തിഴകിപ്പിടിച്ച ചോര തുടച്ച്, അവൾ വീണ്ടും മുന്നോട്ടു നീങ്ങി. വേദനമാത്രമല്ല, രോഷവും കൂടിയുണ്ടായിരുന്നു അവൾക്കു്. എന്തായാലും ഫാസിസ്റ്റുകളെ കൊല്ലണം. ഈ ഒരാലോചന മാത്രമേ അവൾക്കുണ്ടായിരുന്നുള്ളു. തന്റെ പിതൃഭൂമി. . . . ആ പുണ്യഭൂമിയെ പങ്കിലമാക്കാൻ പാഞ്ഞടുക്കുന്ന ഫാസിസ്റ്റു നായ്ക്കൾ. . . ഇവയൊഴികെ മറെറല്ലാം മാൻഷ്യുക്കു മറന്നിരുന്നു. . . !

*   *   *

നെവൽ ഗ്രാമത്തിലെ പ്രധാന കെട്ടിടത്തിന്മേൽ വീണ്ടും രക്തപതാക പാറിപ്പറന്നു; ഗ്രാമവാസികളെല്ലാം മതിമറന്നു സന്തോഷത്തോടെ അവിടേയ്ക്കു പാഞ്ഞടുത്തു. തങ്ങളെ സ്വതന്ത്രരാക്കാൻ വന്നവരെ സ്വാഗതം ചെയ്തു. റജിമെന്റൽ കമാണ്ടർ ചെയ്ത പ്രസംഗത്തിൽ അദ്ദേഹം എല്ലാവരോടും ഉൽബോധിപ്പിച്ചു:

“നെവൽ ഗ്രാമത്തിലെ ഏററവും നല്ല തെരുവിന്നു, ഈ ഗ്രാമനിവാസികളുടെ സുഖത്തിന്നും സ്വാതന്ത്ര്യത്തിന്നും വേണ്ടി രക്തം ചൊരിയുകയും പ്രാണത്യാഗം ചെയ്കയും ചെയ്ത ആ ധീരവനിതയുടെ പേരിടണം.” ഇന്നു് നെവൽ ഗ്രാമത്തിലെ പ്രധാന തെരുവിന്റെ പേർ “മാൻഷ്യുക്കു മമെടോവത്തെരുവു” എന്നത്രെ.

1944 മാൎച്ച് 15-ാംനു സുപ്രീം സോവിയററ് മാൻഷ്യുക്കിന്നു “ഹിറോ ഓഫ് സോവിയററ് യൂനിയൻ” (സോവിയററു യൂനിയണിലെ ധീര) എന്ന ബഹുമതി നൽകുകയുണ്ടായി.

(ഒരു ടാസ്സ് എജൻസി റിപ്പോൎട്ടിനെ ആധാരപ്പെടുത്തി എഴുതിയതു്.)

## പൌരന്മാരും പട്ടാളക്കാരും

### സൌഹാൎദ്ദപരമായ സ്വാഗതവും, സഹകരണവും

പട്ടാളക്കാരും പൌരന്മാരും തമ്മിലുള്ള സൌഹാൎദ്ദത്തിന്റെയും സഹകരണത്തിന്റെയും അനുകരണീയമായ ഒരു ഉദാഹരണമാണു് ഈയിടെ മേട്ടൂരിലുണ്ടായ ഈ സംഭവം. 30 ഭടന്മാരും ഒരാഫീസറുംകൂടെ ഇയ്യിടെ മേട്ടൂർ കെമിക്കൽ വൎക്ക്സ് സന്ദൎശിക്കുകയുണ്ടായി. സോപ്പ്, കടലാസ്, സസ്യങ്ങളിൽനിന്നെടുക്കുന്ന നെയ്യ്, തുടങ്ങിയ പല സംഗതികളും അവൎക്കു മാതൃഭാഷയിൽത്തന്നെ വിശദീകരിക്കപ്പെട്ടു. ഫാക്ടറിയിലെ ഉദ്യോഗസ്ഥന്മാർ അവൎക്കു എല്ലാം കാണിച്ചുകൊടുത്തു; മാത്രമല്ല, ഒരു തേയിലസല്ക്കാരവും കൂടെ നല്കി.

മേട്ടൂരിലെ പൌരന്മാരാകട്ടെ, വളരെ ആഘോഷത്തോടുകൂടിയാണു് ഈ ഭടന്മാൎക്കു സ്വാഗതമരുളിയതു്. അവരെ സ്വാഗതം ചെയ്തുകൊണ്ടുള്ള ഒരു കമാനം, ഗ്രാമരക്ഷാസംഘത്തിന്റെ വന്ദനം, ഒരു വമ്പിച്ച സദ്യ—ഇവയൊക്കെയായിരുന്നു, നാട്ടുകാർ പട്ടാളക്കാൎക്കു നല്കിയതു്.

വിശാഖപട്ടണത്തിലും, ഇതേമാതിരി യുണ്ടായ ചില സംഭവങ്ങളെപ്പററിയുള്ള വാൎത്തകൾ ലഭിച്ചിരിക്കുന്നു.

## ഇററലിയിൽ ഇന്ത്യൻ പട്ടാളക്കാൎക്കു ഗ്രന്ഥാലയം

ഇററലിയിൽ പോർ ചെയ്തുവരുന്ന ഇന്ത്യൻ യോദ്ധാക്കൾക്കു വായിക്കുന്നതിന്നുവേണ്ടി യുദ്ധരംഗത്തിൽതന്നെ ഒരു ഗ്രന്ഥാലയം ഏൎപ്പെടുത്തിയിട്ടുണ്ടു്. മൂന്നു ടൺ സാമാനം കൊള്ളുന്ന ഒരു ലോറി നിറയെ പുസ്തകങ്ങൾ ശേഖരിച്ചിട്ടുണ്ടു്. ആവശ്യമനുസരിച്ചു, ആഫീസർമാൎക്കും ഭടന്മാൎക്കും പുസ്തകങ്ങൾ വിതരണം ചെയ്തുവരുന്നു.

# വന്ദനം വ്യോമസഞ്ചാരി!



[സ്ക്വാഡ്രൺ ലീഡർ കരുണകൃഷ്ണമജൂംദാർ. ഫ്രാൻസിലും ബൽജിയത്തിലുമുള്ള സെക്കൻറ് ടാക്ടിക്കൽ എയർ ഫോർസിൻെറ റോന്തു വിഭാഗത്തിലാണ് ഇപ്പോൾ ഇദ്ദേഹം. ഇദ്ദേഹത്തിൻെറ സ്വദേശം ഡാർജിലിങ്ങാണ്. കഴിഞ്ഞ പന്ത്രണ്ടു വഷങ്ങളോളമായി ഒരു വൈമാനികൻ എന്ന നിലയിൽ ആർ. എ. എഫിലും ഐ. എ. എഫിലും അദ്ദേഹം ഉദ്യോഗം ചെയ്തിട്ടുണ്ട്. അദ്ദേഹത്തെ ഒരു വിങ്ങ്കമാണ്ടർ എന്ന നിലയിലേക്കു ഉയത്തി; പക്ഷെ "ജമ്മൻകാരെയൊന്നു പൊട്ടിക്കണം" എന്നു പറഞ്ഞു അദ്ദേഹം വീണ്ടും വൈമാനികവൃത്തി തന്നെ കിട്ടണമെന്നു അപേക്ഷിച്ചു. ഫ്രാൻസിലേക്കു പോവും മുമ്പെ, അദ്ദേഹം ജപ്പാൻകാക്കെതിരായി ബമ്മയിൽ പൊരുതുകയായിരുന്നു. ഫ്രാൻസിൽ ചെന്നതിന്നുശേഷം വളരെ മുഖ്യമായ റോന്തു പര്യടനങ്ങൾ ചെയ്തിട്ടുണ്ട്. ഇദ്ദേഹം ആകാശത്തിൽനിന്നു യുദ്ധത്തിന്നുപയുക്തമായ പല പടങ്ങളും എടുത്തിട്ടുണ്ട്. അതിൽവെച്ചു എററവും പ്രധാനമായതു് ഫലൈസിയിലെ വിജയത്തിന്നു സഹായിച്ചതും കാരണഭൂതവുമായ ചില ഫോട്ടോകളാണ്.]

1

ഭൂവിലെങ്ങും പറന്നെത്തി-
ഭൂകമ്പത്തെ യണച്ചിട്ടും,
ഭൂരിവീര, ഭവാൻമാതൃ-
ഭൂവിൻസേവനകോവിദൻ!

2

ബമ്മയിൽജാപ്പു ഭൂതങ്ങൾ-
ക്കെതിരായ് പടവെട്ടിനീ;
വാനിൽനിന്നരിശീഷത്തിൽ
വാരി നീ വീഴ്ത്തി ബോമ്പുകൾ.

3

കശ്ലന്മാർ പറിയ്ക്കട്ടേ,
കാട്ടുജാതികൾ ജാപ്പുകൾ,
ഭാരതത്തിൻെറ പുത്രന്മാർ
വീരന്മാരെന്ന വാസ്തവം!

4

ഹോളണ്ടു, ബൽജിയം, ഫ്രാൻസി-
പ്പേരെഴും രാജ്യമൊക്കെയും,
സ്വാതന്ത്ര്യം നേടുവാൻ ചെയ്യു-
പോരിങ്കൽപ്പങ്കെടുത്തു നീ.

5

ഫാസിസ്റ്റു, നാസ്സുൾപാർത്തീടും
താവളങ്ങൾ സമസ്തവും,
ബോമ്പുവീഴ്ത്തി നശിപ്പിയ്ക്കാൻ
വെമ്പിക്കൊണ്ടുയത്രു, ഭവാൻ!

6

ചിരിയ്ക്കുതോഴ, വീണ്ടും നീ;
ചരിയ്ക്കു വായുവേഗമായ്;
എരിയ്ക്കു ശത്രുസങ്കേതം;
വരിയ്ക്കു വിജയം ജവം!

7

പത്രങ്ങൾനിൻെറ നേട്ടങ്ങ-
ളുദ്ധരിച്ചു പുകഴ്ത്തവേ,
കോൾമയിർ കൊണ്ടുമേവുന്നു
കോമളം ഭാരതാവനി!

8

മാതൃഭൂവിൻെറ പേരെങ്ങും
മാനത്തോടെയുയത്തുവാൻ
മാനത്തോള മുയർന്നു നീ;
മാനവാതീതരീതിയിൽ!

9

ഗംഗതൻ പുണ്യസമ്പക്കം
തങ്ങിയേററം പവിത്രയാം
വംഗനാടിൻ സുതന്മാരിൽ-
പ്പുംഗവൻതന്നെയാണു നീ.

10

അത്ഭുതപ്പെട്ടു നിൽക്കുന്നു
ത്വത്സഹോദര സഞ്ചയം.
ആകാശത്തിൽപ്പരുന്തെന്ന-
പോലെ നീ പാറിടുംവിധൌ!

11

മേലോട്ടു നീയുയർന്നീടും
നേരം ഭൂഗോളമൊക്കെയും,
കൊച്ചുപന്തെന്ന മട്ടിങ്കൽ-
വീക്ഷിയ്ക്കാംഗമൊരു പക്ഷെ നീ-

12

വൈരിനാശം വരുത്തീടാൻ
വീരാവേശകമാകവേ,
സൂക്ഷിച്ചുതന്നെ വേണം നീ
പറക്കാൻ. . .തെററുപററൊലാ!

13

വിജയംനേടിനീ നാട്ടിൽ
വരുമ്പോൾ ഞങ്ങളൊക്കെയും,
മോദബാഷ്പ പ്രസൂനങ്ങൾ
വിതറും തവ വീഥിയിൽ!

14

സന്തോഷത്താൽ തുടിച്ചീടും
ഹൃദയസ്പന്ദനങ്ങളാൽ
ഭേരിവാദ്യം മുഴക്കീടും
ഭാരതീയ മഹാജനം.

15

വംഗദേശത്തിലെ ഗ്രാമ-
കന്യകാജനമങ്ങിനെ,
സിന്ദൂരം ചാത്തുവാനെത്തും-
സുന്ദരംനിൻെറ നെററിയിൽ!

16

രോമാഞ്ചം പൂണ്ടുകൊണ്ടേ, ങ്ങും
പാവനം ഗംഗയാംനദി,
ചിരിയ്ക്കും ഫേനിലവ്യാജാൽ,
'മജൂംദാർ'വന്നു ചേരവേ!

17

ഭാനു ലോകത്തിലേയ്ക്കേറി
ഭാസ്വൽ കൃത്യങ്ങൾചെയ്യു നീ
ഭാരതാംബികതൻ ഭാവി-
ഭാഗധേയം ഭവിയ്ക്കുവാൻ.

18

വന്ദനം വീരയോദ്ധാവേ,
വന്ദനം വംഗനന്ദന,
വന്ദനം വാനിലോടീടും
സ്യന്ദനത്തിൻെറ സാരഥേ!!

(5-ാം പേജിൽനിന്നു തുടച്ച)

"ജനകീയ സേന"യോടു ഗോബൽസ് വ്യസനസമേതം ഉൽബോധിപ്പിക്കുന്നു, "നമുക്കു യാതൊരു എതിപ്പുമില്ലെന്നു കാണുമ്പോൾ തീരെ ഭയവില്ലാതെ പെരുമാറുന്നവരാണ് ശത്രുക്കളെന്ന്." ഈ യുദ്ധക്കുററവാളികൾ എല്ലാം മുതലക്കണ്ണീർ തൂകുന്നു. അതേസമയത്തു ഹിററ്ലരുടെ പ്രഖ്യാപനം "വാസ്തവത്തിൽ, രാഷ്ട്രത്തിലെ ഏററവും വിലപ്പിടിച്ച ഒന്നാണെന്നു" രക്തക്കൊതിയനായ ഹിംലർ പ്രസ്താവിക്കുന്നു. ഇതെല്ലാം കുറിക്കുന്നതെന്താണ്? ജമ്മനിയിലെ നേതാക്കളിലുള്ള ലജ്ജാകരമായ ഭയപരിഭ്രമങ്ങളെമാത്രം. ജമ്മനിയുടെ യുദ്ധക്കപ്പലായ 'ട്രിപ്പിററ്സ്' ആർ. എ. എഫ്. വിമാനങ്ങളാൽ മുക്കപ്പെട്ടു. 12,000 റാത്തൽ ബോമ്പുകൾ ദിനംതോറും ജമ്മനിയിൽ വഷിച്ചുവരുന്നു. ജമ്മനിയുടെ പൌരസ്ത്യരംഗത്തിൽമൊട്ടാകെ കൊല്ലപ്പെട്ടവർ 90 ലക്ഷവും, പാശ്ചാത്യ രംഗത്തിൽ 10 ലക്ഷവുമാണെന്നു കണക്കാക്കിയിരിക്കുന്നു. അന്ത്യസമരങ്ങൾ സമാരംഭിക്കുന്നതിന്നുള്ള സമയം സമാഗതമായിത്തുടങ്ങി. അതു ജമ്മൻ പട്ടാള മേധാവിത്വത്തെ വേരോടെ പറിച്ചു കളയുന്നതിന്നാണ്. 1918 ൽ കാണിച്ച അബദ്ധങ്ങൾ ഒരിയ്ക്കലും ഇത്തവണ ആവത്തിക്കപ്പെടുകയില്ല.

## ഏകാങ്കനാടകം

# സമരകവി

[രാ. ഭാ. വിശാരദ്ദ്, പി. വി. രാമവാരിയർ]

(തുടൎച്ച)

### രംഗം IV

[സ്ഥലം : സഖ്യസേനയിലെ രോഗഗ്രസ്ഥരായ ഭടന്മാരുടെ കുടിൽ. ഇന്ന രണ്ടുപേൎക്കും പനി അധികമാണു്,]

ഒന്നാമൻ : ഓ! എന്തൊരു വേദന.

രണ്ടാമൻ : ദാഹംകൊണ്ടു് തൊണ്ട വറളുന്നു. വെള്ളം കുടിക്കാതെ മരിക്കേണ്ടി വരുമെന്നു തോന്നുന്നു.

(ഒരു വടിയും കുത്തിപ്പിടിച്ചു് അങ്ങുമിങ്ങും നോക്കി കിഴവി പ്രവേശിക്കുന്നു.)

കിഴവി : കരയേണ്ട മക്കളെ, വെള്ളം ഇപ്പോൾ തരാം. (ഭടന്മാരെ സമീപിക്കുന്നു, സമീപിച്ചു് രണ്ടു പേരേയും സൂക്ഷിച്ചു് മാറി മാറി നോക്കുന്നു. "അയ്യോ! ഇവർ കൊച്ചുങ്ങളാണല്ലൊ? (എന്നു് കിഴവി അറിയാതെ പറഞ്ഞുപോകുന്നു).

ഒന്നാമൻ : (തിരിഞ്ഞു കിടക്കുന്നു) ആരു് കവിജിയൊ?

കിഴവി : അല്ല, ഇതു് ഞാനാണു് എന്റെ കുഞ്ഞെ. പേടിയ്ക്കൊന്നും വേണ്ട. ഞാൻ നിങ്ങളുടെ വൎത്തമാനം അറിയാൻ വന്നതാ.

രണ്ടാമൻ : ഒരു തുള്ളി വെള്ളം! ദാഹിച്ചിട്ടു വയ്യാ!

(ഇതു് കേട്ടപ്പോൾ കിഴവി തന്റെ വാൎദ്ധക്യാവസ്ഥ മറന്നു്, വടി താഴെ എറിഞ്ഞു് അകത്തു ഓടിപ്പോകുന്നു. പിന്നെ ഒരു പാത്രത്തിൽ വെള്ളവുമായി പ്രവേശിക്കുന്നു.)

കിഴവി : എന്റെ കുഞ്ഞേ ഇതാ വെള്ളം (വെള്ളം കൊടുക്കുന്നു).

(അയാൾ പകുതി എഴുന്നീററിരുന്നു കിഴവിയുടെ കയ്യിൽനിന്നു വെള്ളം വാങ്ങി ആൎത്തിയോടെ കുടിക്കുന്നു. പിന്നെ ഒരു ദീൎഘശ്വാസം വിട്ടു് അവിടെതന്നെ കിടക്കുന്നു. കിഴവി അവന്റെ നെററിയ്ക്കു് കൈവെച്ചുനോക്കി, "ഓ! എന്തൊരു ചൂടു്" എന്നു പറഞ്ഞു തന്റെ തുണിയിൽനിന്നു് ഒരു കഷ്ണം തുണി ചീന്തി അതു് വെള്ളത്തിൽ നനച്ചു് അയാളുടെ നെററിക്കു് പതിയ്ക്കുന്നു. അതുപോലെത്തന്നെ മറേറവന്നും ശുശ്രൂഷിക്കുന്നു.)

കിഴവി : (രണ്ടുപേരോടും) ഉറങ്ങിക്കൊള്ളുക. ഞാൻ രണ്ടുപേൎക്കും റൊട്ടിയും പാലുംകൊണ്ടു് ഇപ്പോൾ വരാം. (എന്നു് സമാധാനിച്ചു് വടിയും എടുത്തു് പതുക്കെ പതുക്കെ പോകുന്നു.)

(കൎട്ടൻ)

### രംഗം V

[ജാപ്പ്സേന മണിപ്പൂർവഴി ഇംഫാലിൽ കടന്നുകഴിഞ്ഞു. അവർ നാട്ടുകാരെ കഠിനമായി ഉപദ്രവിക്കുന്നുണ്ടെന്ന വാൎത്ത നാടൊക്കെ പരന്നിരിക്കുന്നു. സ്ത്രീകളെ മാനഭംഗപ്പെടുത്തുകയും കുട്ടികളെ നിൎദ്ദയമായി ഹിംസിക്കുകയും ചെയ്യുന്നു. പല കുടുംബക്കാരും സഖ്യസേനകളുടെ രക്ഷാകേന്ദ്രങ്ങളിൽ അഭയം പ്രാപിച്ചിരിക്കുന്നു. കുറച്ചു ദിവസത്തെ സംഘട്ടനംകൊണ്ടു് ജാപ്പ് സേനകളെ തിരിച്ചോടിച്ചിരിക്കുന്നു. എങ്കിലും ഒററ തിരിഞ്ഞു് അവിടവിടെയായി ജാപ്പ് സേനകൾ ഗ്രാമങ്ങളിൽ കൊള്ള നടത്തുന്നുണ്ടു്. സഖ്യസേനകൾ നാട്ടുകാരുടെ സഹായത്തോടെ ജാപ്പ് സേനകളെ നായാടുന്നു.]

[സ്ഥലം : കിഴവിയുടെ കുടിൽ, കിഴവി അവശരായി കിടക്കുന്ന ഭടന്മാൎക്കു് ഭക്ഷണസാധനങ്ങൾ തയ്യാർചെയ്തു് വീട്ടിൽനിന്നു പുറപ്പെടുവാൻ ശ്രമിക്കുന്നു. ഒരു ജാപ്പ് ക്യാപ്ടനും രണ്ടു പട്ടാളക്കാരും പ്രവേശിക്കുന്നു.]

ഷേപൻ : കിഴവി ഇതാരുടെ വീടാണു്?

(കിഴവി കേട്ട ഭാവം നടിക്കുന്നില്ല.)

ഷേപൻ : (ദേഷ്യത്തോടെ) എന്താ മിണ്ടാത്തതു്? ഇതു് നിന്റെ വീടാണോ?

കിഴവി : അതെ, എന്റെ....എന്തുവേണം (ഇത്രയും പറഞ്ഞു് അവൾ പോകാൻ ശ്രമിക്കുന്നു) പട്ടാളക്കാർ അവളെ തടഞ്ഞുനിൎത്തുന്നു.

ഷേപൻ : വാതിൽ തുറക്കൂ. നീ ഇപ്പോൾ എവിടെ പോകുന്നു?

കിഴവി : വാതിൽ തുറന്നു കിടപ്പുണ്ടല്ലൊ. ഞാൻ പുറത്തുപോകുന്നു. എനിയ്ക്കു് പലേ കാൎയ്യങ്ങളും ഉണ്ടു്. അതു് അറിഞ്ഞിട്ടു് നിങ്ങൾക്കു എന്തു വേണം?

ഷേപൻ : ഇല്ല. എവിടേയും പോകാൻപാടില്ല. (പട്ടാളക്കാരോടു് ഇവളെ തടഞ്ഞു നിൎത്തുവിൻ. പട്ടാളക്കാർ അവളെ തടഞ്ഞു നിൎത്തുന്നു. ക്യാപ്ടൻ അകത്തു കടക്കുന്നു.)

പട്ടാളക്കാർ : കിഴവി, നിങ്ങളുടെ കൊട്ടയിൽ എന്താണു? താഴെ വെയ്ക്കു്.

കിഴവി : ഇല്ലെങ്കിൽ?

പട്ടാളക്കാർ : ഇല്ലെങ്കിൽ വെപ്പിയ്ക്കും (എന്നു് കൊട്ട പിടിച്ചുപറയുന്നു. കിഴവി കൊട്ട താഴെയിടുന്നു. ഭക്ഷണസാധനങ്ങൾ നിലത്തു ചിതറിപ്പോകുന്നു. പട്ടാളക്കാർ എടുത്തു തിന്നുന്നു. ക്യാപ്ടൻ വീണ്ടും പ്രവേശിച്ചു.)

ഷേപൻ : ഷേയ്, ഇവിടെ ഒന്നുമില്ല, വെണ്ണമില്ല, മണ്ണുമില്ല. (കിഴവിയോടു്) ഷേയ്, ഇന്നാട്ടുകാരെല്ലാം എവിടെപോയി?

കിഴവി : എനിക്കറിവില്ല.

ഷേപൻ : നിങ്ങൾ ഇവിടെ തനിയെയാണോ താമസം?

കിഴവി : അതെ, കഴിഞ്ഞ കുറേ കൊല്ലങ്ങളോളമായി ഞാൻ തനിയേയാണു്.

ഷേപൻ : (കുറച്ചു് ആലോചിച്ചു്) ഇവൾ കിഴവിയാണെന്നകരുതേണ്ട, എന്തെല്ലാമൊ ഇവൾ

## ക്രിപ്സിന്റെ കൃതജ്ഞത

### മദ്രാസ് നൽകിയ വിലയേറിയ സഹായത്തിന്നു്

വീണ്ടും നൽകിയ സംഭാവനയായ 7,500 പവൻ കൈപ്പററിക്കൊണ്ടു മദ്രാസ് ഗവൎണ്ണൎക്കു്, സർ സ്റ്റാഫോഡ് ക്രിപ്സയച്ച ഒരു കമ്പിയിൽ പ്രസ്താവിക്കുന്നു:

1940–41 മുതലുള്ള കഷ്ടത നിറഞ്ഞ കാലം മുതൽ നമ്മുടെ സേനകൾ അന്ത്യവിജയത്തെ ദൎശിക്കാറായ ഇന്നോളവും തുടൎച്ചയായി മദ്രാസിൽനിന്നു ഞങ്ങൾക്കു കിട്ടിവരുന്ന സഹായം, വളരെ വിലയേറിയതാണു്. ഞങ്ങൾ അതിന്നു വളരെയധികം നന്ദിയുള്ളവരാണു്.

## മദ്രാസുകാൎക്കു് ഒന്നാംതരം സാക്ഷ്യപത്രങ്ങൾ

മദിരാശി ഗവൎണ്ണൎക്കു ഒരു സീനിയർ ബ്രിട്ടീഷ് ഓഫീസർ മദിരാശിക്കാരായ യോദ്ധാക്കളെ പ്രശംസിച്ചു ഇങ്ങനെ എഴുതിയിരിക്കുന്നു:

"മദിരാശിക്കാരായ പട്ടാളക്കാർ വളരെ നല്ല കൂട്ടരും, പണിയെടുക്കാൻ മടിയില്ലാത്തവരും, പഠിക്കാൻ ഉത്സുകരും, വേഗത്തിൽ അച്ചടക്കം ശീലിക്കുന്നവരുമാണു്. വാസ്തവത്തിൽ അവരെക്കൊണ്ടു യാതൊരു വിഷമവുമില്ല. ഐ. പി. സി. കമാണ്ടർമാരിൽനിന്നു തുടൎച്ചയായി എനിക്കു് മദിരാശിക്കാരെക്കുറിച്ചു റിപ്പോൎട്ടുകൾ കിട്ടിവരുന്നു. അങ്ങിനെയുള്ള ഒരു റിപ്പോൎട്ടിലെ ചില ഭാഗങ്ങളാണു് മുകളിൽ കാണിച്ചിരിക്കുന്നതെന്നറിയുമ്പോൾ അവിടുന്നു വളരെ സന്തോഷിക്കുമെന്നു എനിക്കു നല്ല വിശ്വാസമുണ്ടു്."

## ജർമ്മനിയിലെ "ജനകീയ സേന!"






ഹങ്കറിയുടെ തലസ്ഥാന നഗരമായ ബുഡാപെസ്റ്റ്. ഈ നഗരത്തിന്റെ വിമോചന ദിനം ആസന്നമായിരിക്കുന്നു. ചുവപ്പുസേനയുടെ മുന്നോട്ടുള്ള കുതിച്ചുകയറ്റത്തിൽ ശത്രു നിരോധങ്ങൾ തകർന്നു കഴിഞ്ഞു.

രഹസ്യമായി ചെയ്യുന്നുണ്ട്. അതുകൊണ്ട് ഇവളെ സൂക്ഷിക്കണം. ഇവളെ ഈ വീട്ടിൽ നിന്നു പുറത്തു വിടരുത്.

പട്ടാളക്കാർ : കല്പനപോലെ (കിഴവിയെ പിടിച്ചു് ഒരു മൂലയിൽ ഇരുത്തുന്നു. ക്യാപ്ടൻ ഫേചൻ അവിടെയുള്ള ഒരു സ്റ്റൂളിൽ ഇരുന്നു ഒരു സിഗററ് എടുത്തു വലിക്കുന്നു. വിശ്രമിക്കുന്നു. കിഴവിക്കു രോഗികളെപ്പററി ഓർമ്മ വന്നപ്പോൾ അവൾ എഴുന്നീററുപോകാൻ ശ്രമിക്കുന്നു).

പട്ടാളക്കാർ : എവിടെ പോകുന്നു ? (കിഴവിയെ തടഞ്ഞുനിർത്തുന്നു.)

കിഴവി : ഇല്ല,—എന്നെ ആർക്കും ഇനി തടയുവാൻ സാദ്ധ്യമല്ല. എനിക്കു അടിയന്തരമായി പുറത്തുപോകണം.

ഫേചൻ : (ഇതുകണ്ടു് ക്രോധത്തോടെ) അടിക്കിൻ, ആ മുതുക്കിയെ ! പുറത്തുപോകണം പോൽ ! പിടിച്ചു് ആ മൂക്കിൽ ഇരുത്തു് !

(കല്പന കിട്ടിയപ്പോൾ പട്ടാളക്കാർ കിഴവിയെ പിടിച്ചു് വലിച്ചു് സ്റ്റേജിന്റെ ഒരു മൂലയിൽ ഇരുത്തുന്നു. കിഴവി അവിടെ ഇരിക്കുന്നു. രോഗികളെക്കുറിച്ചുള്ള സ്മരണയാൽ കിഴവിയുടെ ഹൃദയം അസ്വാസ്ഥതപ്പെടുന്നു.)

ഫേചൻ : ഇവിടെ ഒക്കെ കാട്ടുപ്രദേശമാണെന്നു തോന്നുന്നു. ഒററ മനുഷ്യരെപ്പോലും കാൺമാനില്ല.

പട്ടാളക്കാർ : മനുഷ്യരെല്ലാം ഓടിപ്പോയിരിക്കാം. അത്യാവശ്യം വല്ലവരും ഉണ്ടെങ്കിൽത്തന്നെ നമുക്കാരും ഒരു തുള്ളി വെള്ളംപോലും തരുന്നില്ല.

ഫേചൻ : പിന്നെ എങ്ങിനെ ജീവിക്കും ? യുദ്ധത്തിലാണെങ്കിൽ നമുക്കു ജയമില്ല. യൂണിററിൽനിന്നു നമ്മൾ ഒററതിരിയുകയുംചെയ്തു.

പട്ടാളക്കാർ : അതാണ് ഞാനും ആലോചിക്കുന്നതു്.

(മുൻരംഗങ്ങളിൽ കണ്ട സഖ്യസേനയിലെ രണ്ടു ഭടന്മാരേയുംകൊണ്ടു് രണ്ടു ജാപ്പു പട്ടാളക്കാർ പ്രവേശിക്കുന്നു. നടക്കുവാൻ സാധിക്കാത്തതിനാൽ ജാപ്പ് പട്ടാളക്കാർ താങ്ങിക്കൊണ്ടാണ് അവർ പ്രവേശിക്കുന്നതു്. ഒരുത്തന്നു കാലിലും തലക്കും ഓരോ കെട്ടുണ്ടു്. ഇവരെ ക്യാപ്ടൻ ഫേചന്റെ മുമ്പിൽ കൊണ്ടുനിർത്തുന്നു.)

(തുടരും)

# അന്ത്യവാക്ക്

(പി. ആർ. വാരിയർ)

[ജർമ്മൻ പട്ടാളത്തിലെ അക്രമങ്ങളിലും അനീതികളിലും മനസ്സമടുത്ത ഒരു ജർമ്മൻ പടയാളി, ഓടിരക്ഷപ്പെടാനുള്ള ശ്രമത്തിന്നിടയിൽ, തന്റെ ഭർത്താവിനെ ജർമ്മൻകാർ വധിക്കാൻ പോവുന്ന വർത്തമാനം അറിഞ്ഞ് തേങ്ങിക്കരയുന്ന ഒരു ഫ്രഞ്ച് യുവതിയെ കാണുന്നു.]

(കേക)

നഗ്നമാകുന്നിൻചോട്ടിൽ, ചോലവക്കിലായേതോ-
ഭഗ്നചിത്തത്തിൻതേങ്ങൽ മാറെറാലിച്ചുലക്കുന്നു!

അന്തിയാ, യിരുളിഴഞ്ഞെത്തുന്നു, പോരിൽ പാരം-
നൊന്തുവീണൊരു ഭടനെന്നപോ, ലവിടത്തിൽ.

അന്നത്തെ രണാങ്കണത്തിന്നെഴും പ്രതിബിംബ-
മെന്നപോൽ പടിഞ്ഞാറു ചെന്നിണംചിന്നിനില്പൂ.

അമ്പിളിക്കലയൊററക്കണ്ണങ്ങു, പൊട്ടിപ്പോയ-
ഖഡ്ഗത്തിൻതലപ്പെന്നമാതിരിയാകാശത്തിൽ!

ജർമ്മനി തൻ സൈന്യത്തിൽ ജീവിതം സമർപ്പിച്ചു
ദ്ദുർന്നയം ചെയ്തു ചെയ്തു വെറുത്ത പടയാളി,

വിശ്രമിക്കുവാനോടിയെത്തിനാനാറിന്നെഴും
വിസ്തൃതമണൽത്തിട്ടിലേകനായ് നിരാശയാൽ.

കാണായിതന്നേരത്തിൽ പുത്രനോടോരോന്നോതി-
ക്കേണിടുംനിരാധാരദീനയാം വനിതയേ.

മാതാവിൻ ചുളിപററിമുഷിഞ്ഞ വസ്ത്രത്തുമ്പിൽ
പൈതലുൽക്കണ്ഠാംതൂങ്ങി ഭടനെബ്ഭയാൽനോക്കി,

സന്ധ്യതൻതുടുപ്പണിച്ചേലയിൽത്തൂങ്ങിക്കേറും-
മമ്പിളിയന്നാവരുംരാത്രിയെ നോക്കീടുമ്പോൾ.

"സോദരി! നിരാശയാൽ നീറിടുന്നൊരെൻഹൃത്തി-
ന്നാശയാണൊരേയൊരു മധുരസ്വരംകേൾക്കാൻ,

വിശ്വസിക്കണമെന്നെ" യജ്ജർമ്മൻഭടനൊന്നു
നിശ്വസിച്ചിതുദീർഘ "മീവാക്യം വെറുക്കൊല്ലേ."

ഫ്രഞ്ചുകാമിനിപാരം നീരസംകലർന്നൊരു
പുഞ്ചിരിയുവാവിന്നു സമ്മാനമായിട്ടേകി,

"ആരോടാണപേക്ഷയെന്നോർക്കണം; ജർമ്മൻകാര-
ന്നാശയാണല്ലേയൊരു മധുരസ്വരം കേൾക്കാൻ!

ആകിലും ബോംബോരോന്നു വിതറുംനേരത്തെങ്ങും
തുകിടും "മധുരമാം ശബ്ദങ്ങൾ" കേട്ടിട്ടില്ലേ?

പോരെങ്കിൽകേൾക്കാമർദ്ധപ്രാണയായുഴറും ഞാൻ
പോരിൽവീണടിയുമ്പോൾ താങ്കൾക്കാ 'മൃദുസ്വരം'!

ജീവിതവസന്തത്തിൻ മാദകാവേശം കൊണ്ടു
ജീർണ്ണിച്ചരാജ്യസ്നേഹം വമിയ്ക്കും ജർമ്മൻകാരോ,

പാതിപട്ടിണിപ്പാട്ടും നിറയും നിരാശയും
നീതിരാഹിത്യമതും കൈക്കൊണ്ട പിശാചുക്കൾ!

ശേഷിച്ചപൈദാഹത്താലാശകൊള്ളുന്നു വി-
ദ്വേഷത്താൽ സാമ്രാജ്യങ്ങൾ സൃഷ്ടിക്കുവാനായിന്നും!

"ജർമ്മൻകാരനായ് ഞാനുംപിറന്നു," കണ്ണീർത്തോക്കിൻ
ചട്ടയാൽതഴമ്പാർന്ന കയ്യിനാൽതുടച്ചോതീ,

"അന്ധമാംസ്വരാജ്യസ്നേഹത്തിനാൽ, പ്രതികാര-
ബുദ്ധിയാൽകൊട്ടുംതെററുകാരനായ്ത്തീർന്നേനല്ലോ.

നാലുകൊല്ലമീനീണ്ട നാഴികയോരോന്നുംമേ
കാലുകൾക്കടിയിലേക്കമരയേയളക്കുമ്പോൾ,

വെറുത്തുജർമ്മൻപട്ടാളത്തിലെ സ്വൈരംതൊട്ടു-
തെറിക്കാതെനിക്കുള്ള ജീവിതംപരാധീനം."

ഓമലാളകത്തേന്തും വെറുപ്പാലോതീ, "നിത്തു
വാമമാണതേ തന്റെ തെററുകളോരോന്നും മേ.

അങ്ങതാജർമ്മൻജേലിൽ മൃത്യുവിൻ സമാഗമ
സന്ദർഭം പ്രതീക്ഷിച്ചു വാഴുന്നുമമ കാന്തൻ.

ആളിടുംപ്രതാപത്താൽ കാന്തന്റെ ഗളത്തിങ്കൽ
വാളുവെയ്ക്കുവാൻനോക്കും കൈകൾക്കോമാപ്പേകേണ്ടു?"
വിറച്ചിതധരങ്ങൾ, ചുളിഞ്ഞുപുരികങ്ങൾ
നിറഞ്ഞുനയനങ്ങളോമലാൾക്കന്നേരത്തിൽ.

"സ്വാതന്ത്ര്യപ്രകാശത്തിൽ ക്രൂരതകൾചെയ്ക്കാൻനാസി-
ഘാതകാ! പോക്രൂ! ദുരെ, സംഗരരംഗത്തിങ്കൽ."

വെൺനുരച്ചിരിതൂകിയാറു; മന്നേരത്തിൽ പീ-
രങ്കിതൻപ്രതിദ്ധ്വനിയകലേനിന്നും കേൾക്കായ്-
സാധുജീവനെത്തട്ടിത്തകർക്കുംപ്രതാപത്തിൻ
കാഹളമൃത്യുംശബ്ദംമുരയങ്ങിനെ കേൾക്കായ്.

"കേട്ടില്ലെ പടയാളി വീരമാധുര്യംതൂകും
'കോമളസ്വന'മിപ്പോ—ളെൻകാന്തൻമൃതനല്ലോ.

എത്രസോദരിമാരെയീദൃശംനിരാധാര-
മാക്കി നീ പടയാളീ; സാധുശിക്ഷയോ നീതി?"

പോകുക, തീർന്നോട്ടെന്നെ," മൂർച്ഛിച്ചുവീണാൾതന്വീ;
"പോകുക, ജർമ്മൻകാരാ, സാധുഹിംസയോകൊള്ളാം!

നിത്ത്യർ നിങ്ങൾക്കെല്ലാം നിഷ്ഠുര ശിക്ഷ നൽകം
സഖ്യശക്തികളിന്നോ നാളെയോ, മറക്കായ്കിൻ!"

* * *

വാരങ്ങളൊന്നോ രണ്ടോ കഴിഞ്ഞിതപ്പോഴേയ്ക്കും
പാരീസിൻ വിമോചനം വിശ്വത്തിലെങ്ങു കേൾക്കായ്!!

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLIHSED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.